# മൂപ്പന്മാർക്കും
# ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള
# അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

## പൊതുവിഷയം:

## ഒരുമനസ്സും
## പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് ഏഴ്

### ക്രിസ്തുവിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ സഭയുടെ വ്യാപനത്തിനും കെട്ടുപണിക്കുമായി പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ചയായി മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രത്തിൽ ജീവിക്കുന്നത് തുടരുന്നു

MC *Hymns*: ML325

തിരുവെഴുത്ത് വായന: പ്രവൃ. 1:8, 13-14; 2:16-18, 21; 5:20, 41-42; 6:4; 13:32-34; 16:6-7; 17:16; 19:21; 28:31

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 1:13 അവർ പ്രവേശിച്ചപ്പോൾ, പത്രൊസും യോഹന്നാനും യാക്കോബും അന്ത്രെയാസും, ഫിലിപ്പൊസും തോമാസും, ബർത്തൊലൊമായിയും മത്തായിയും, അൽഫായിയുടെ മകനായ യാക്കോബും തീക്ഷ്ണവാനായ ശിമോനും യാക്കോബിന്റെ സഹോദരനായ യൂദായും, അവർ താമസിക്കുന്ന മാളികമുറിയിലേക്ക് കയറിപ്പോയി.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:16 ഇത് യോവേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതാകുന്നു:

പ്രവൃ. 2:17 "ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും;

പ്രവൃ. 2:18 ആ നാളുകളിൽ ഞാൻ തീർച്ചയായും പുരുഷന്മാരും സ്ത്രീകളുമായ എന്റെ അടിമകളുടെ മേൽ എന്റെ ആത്മാവിനെ ഒഴിക്കുകയും, അവർ പ്രവചിക്കുകയും ചെയ്യും.

| | |
|---|---|
| പ്രവൃ. 2:21 | കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |
| പ്രവൃ. 5:20 | പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു. |
| പ്രവൃ. 5:41 | അങ്ങനെ അവർ, ഈ നാമത്തെച്ചൊല്ലി അപമാനിക്കപ്പെടുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചുകൊണ്ട്, സൻഹെദ്രിന്റെ സന്നിധിയിൽനിന്നു പോയി. |
| പ്രവൃ. 5:42 | എല്ലാ ദിവസവും, ദൈവാലയത്തിലും ഭവനംതോറും, ഉപദേശിക്കുകയും യേശുവിനെ ക്രിസ്തുവായി സുവിശേഷം അറിയിക്കുകയും ചെയ്യുന്നത് അവർ നിർത്തിയില്ല. |
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |
| പ്രവൃ. 13:32 | ഞങ്ങളോ പിതാക്കന്മാർക്കു ചെയ്ത വാഗ്ദത്തത്തിന്റെ സുവിശേഷം നിങ്ങളോട് അറിയിക്കുന്നു. |
| പ്രവൃ. 13:33 | "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു. |
| പ്രവൃ. 13:34 | ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും." |
| പ്രവൃ. 16:6 | പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |
| പ്രവൃ. 17:16 | പൗലൊസ് അഥേനയിൽ അവർക്കായി കാത്തിരിക്കുമ്പോൾ, ആ പട്ടണം വിഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്നത് കണ്ടിട്ട് അവന്റെ ആത്മാവ് അവനിൽ പ്രകോപിപ്പിക്കപ്പെട്ടു. |
| പ്രവൃ. 19:21 | പിന്നെ ഇവയെല്ലാം നിവൃത്തിയായപ്പോൾ, ഞാൻ അവിടെ പോയശേഷം എനിക്ക് റോമയും കാണണം എന്നു പറഞ്ഞുകൊണ്ട് പൗലൊസ് മക്കെദോന്യയിലൂടെയും അഖായയിലൂടെയും കടന്ന് യെരൂശലേമിലേക്കു പോകുവാൻ തന്റെ ആത്മാവിൽ നിശ്ചയിച്ചു. |
| പ്രവൃ. 28:31 | സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. |

**I. മനുഷ്യചരിത്രത്തിലെ ദിവ്യചരിത്രത്തിൽ, പ്രവൃത്തിക്കുന്ന ദൈവമെന്ന നിലയിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു; ക്രിസ്തുവിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ സഭയുടെ വ്യാപനത്തിനും കെട്ടുപണിക്കുമായി അവർ ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും,**

**പ്രവർത്തനത്തിലും (ദൈവത്വത്തിലല്ല) ദൈവമായിത്തീർന്നിരിക്കുന്നു—1:8, 14; 2:14; 4:10-20, 31-32; 5:20, 38-39; 13:1-4; 26:16-19; 28:31:**

| | |
|---|---|
| പ്രവൃ. 1:8 | എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു. |
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. |
| പ്രവൃ. 2:14 | എന്നാൽ പത്രൊസ് പതിനൊന്നു പേരൊടുകൂടെ നിന്ന്, ശബ്ദം ഉയർത്തി അവരോട് പറഞ്ഞു: യെഹൂദാപുരുഷന്മാരും യെരൂശലേമിൽ വസിക്കുന്ന എല്ലാവരുമേ, നിങ്ങൾ ഇത് അറിഞ്ഞിരിക്കട്ടെ, എന്റെ വാക്കുകൾക്ക് ചെവി തരുവിൻ. |
| പ്രവൃ. 4:10 | നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനുമായ, നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ നാമത്തിൽത്തന്നെ ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ നല്ല ആരോഗ്യത്തോടെ നിൽക്കുന്നു എന്ന് നിങ്ങൾ എല്ലാവരും, യിസ്രായേലിലെ എല്ലാ ജനവും അറിഞ്ഞുകൊള്ളട്ടെ. |
| പ്രവൃ. 4:11 | പണിക്കാരായ നിങ്ങൾ, ഒന്നുമല്ലാത്തതായി കണക്കാക്കിയ കല്ല് ഇതാകുന്നു, അത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു. |
| പ്രവൃ. 4:12 | മറ്റാരിലും രക്ഷയില്ല, ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നാം രക്ഷിക്കപ്പെടുവാൻ വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല. |
| പ്രവൃ. 4:13 | അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും, അവർ വിദ്യാഭ്യാസമില്ലാത്ത മനുഷ്യരും സാധാരണക്കാരും എന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ ആശ്ചര്യപ്പെടുകയും, അവർ യേശുവിനോടുകൂടെ ഉണ്ടായിരുന്നവർ എന്ന് തിരിച്ചറിയുകയും ചെയ്തു. |
| പ്രവൃ. 4:14 | സൗഖ്യമായ മനുഷ്യൻ അവരോടൊപ്പം നിൽക്കുന്നത് കണ്ടിട്ട്, അതിനെതിരെ പറയുവാൻ അവർക്ക് ഒന്നും ഇല്ലായിരുന്നു. |
| പ്രവൃ. 4:15 | എന്നാൽ അവരോട് സൻഹെദ്രിന്റെ പുറത്തു പോകുവാൻ ആജ്ഞാപിച്ചിട്ട് അവർ അന്യോന്യം കൂടിയാലോചന നടത്തി, |
| പ്രവൃ. 4:16 | പറഞ്ഞത്, ഈ മനുഷ്യരോട് നാം എന്തു ചെയ്യണം? തീർച്ചയായും അവരിലൂടെ നടന്ന ശ്രദ്ധേയമായ ഒരു അടയാളം യെരൂശലേമിൽ വസിക്കുന്ന എല്ലാവർക്കും വെളിവായിരിക്കുന്നു, അത് നമുക്ക് നിഷേധിക്കുവാനും കഴിയില്ല. |
| പ്രവൃ. 4:17 | എന്നാൽ ഇത് ജനത്തിനിടയിൽ ഇനിയും പടരാതിരിക്കേണ്ടതിന്, ഈ നാമത്തെ ആധാരമാക്കി ഇനിമേൽ ആരോടും പറയരുതെന്നു നമുക്ക് അവരെ ഭീഷണിപ്പെടുത്താം. |
| പ്രവൃ. 4:18 | അവർ അവരെ വിളിച്ചപ്പോൾ, യാതൊന്നും ഉച്ചരിക്കരുതെന്നും യേശുവിന്റെ നാമത്തെ ആധാരമാക്കി ഉപദേശിക്കരുതെന്നും അവരോട് ആജ്ഞാപിച്ചു. |
| പ്രവൃ. 4:19 | എന്നാൽ പത്രൊസും യോഹന്നാനും അവരോട്, ദൈവത്തെക്കാളുപരി നിങ്ങളെ കേൾക്കുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ ശരിയാകുന്നുവോ, നിങ്ങൾ വിധിക്കുവിൻ; |

പ്രവൃ. 4:20 ഞങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ സംസാരിക്കാതിരിക്കുവാൻ ഞങ്ങൾക്കു കഴിയില്ല എന്ന് ഉത്തരം പറഞ്ഞു.

പ്രവൃ. 4:31 അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

പ്രവൃ. 4:32 വിശ്വസിച്ച പുരുഷാരത്തിന്റെ ഹൃദയവും ദേഹിയും ഒന്നായിരുന്നു; തന്റെ വസ്തുവകകൾ തന്റെ സ്വന്തം എന്ന് ഒരുത്തൻ പോലും പറഞ്ഞില്ല, അവർക്ക് എല്ലാം പൊതുവക ആയിരുന്നു.

പ്രവൃ. 5:20 പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു.

പ്രവൃ. 5:38 ഇപ്പോഴോ ഞാൻ നിങ്ങളോടു പറയുന്നു, ഈ പുരുഷന്മാരിൽനിന്നു പിൻവാങ്ങി അവരെ വെറുതെ വിടുവിൻ; എന്തെന്നാൽ ഈ ആലോചനയോ ഈ വേലയോ മനുഷ്യരിൽ നിന്നാണെങ്കിൽ അത് ഇല്ലാതാക്കപ്പെടും.

പ്രവൃ. 5:39 എന്നാൽ അത് ദൈവത്തിൽനിന്നാണെങ്കിൽ, അവയെ മറിച്ചുകളയുവാൻ നിങ്ങൾക്കു കഴിയില്ല, അല്ലാഞ്ഞാൽ നിങ്ങൾ ദൈവത്തിനെതിരെ പോലും പോരാടുന്നവർ എന്ന് കാണപ്പെടുമല്ലോ.

പ്രവൃ. 13:1 അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 13:4 പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

പ്രവൃ. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

പ്രവൃ. 26:17 ജനത്തിൽനിന്നും ജാതികളിൽനിന്നും നിന്നെ വിടുവിച്ചുകൊണ്ട് ഞാൻ നിന്നെ,

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

A. പ്രവൃത്തികളുടെ പുസ്തകത്തിലെ പത്രൊസിന്റെ ഒന്നാം സുവിശേഷ ഘോഷണത്തിൽ, ബാഹ്യമായ മനുഷ്യ ചരിത്രത്തിനുള്ളിലെ ആന്തഃസ്തിത, ദിവ്യ ചരിത്രം വെളിപ്പെടുത്തുന്ന യോവേലിന്റെ പുസ്തകത്തിൽനിന്ന് അവൻ ഉദ്ധരിച്ചു—പ്രവൃ. 2:17-21; യോവേ. 1:1-4; 2:28-32.

പ്രവൃ. 2:17 "ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും;

പ്രവൃ. 2:18 ആ നാളുകളിൽ ഞാൻ തീർച്ചയായും പുരുഷന്മാരും സ്ത്രീകളുമായ എന്റെ അടിമകളുടെ മേൽ എന്റെ ആത്മാവിനെ ഒഴിക്കുകയും, അവർ പ്രവചിക്കുകയും ചെയ്യും.

പ്രവൃ. 2:19 ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കും, രക്തവും തീയും പുകയാവിയും തന്നെ.

പ്രവൃ. 2:20 കർത്താവിന്റെ വലുതും വിശിഷ്ടവുമായ നാൾ വരുന്നതിനു മുമ്പേ, സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറ്റപ്പെടും.

പ്രവൃ. 2:21 കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

യോവേ. 1:1 പെഥൂവേലിന്റെ മകനായ യോവേലിന്നു ഉണ്ടായ യഹോവയുടെ അരുളപ്പാടു.

യോവേ. 1:2 മൂപ്പന്മാരേ, ഇതുകേൾപ്പിൻ; ദേശത്തിലെ സകലനിവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ; നിങ്ങളുടെ കാലത്തോ നിങ്ങളുടെ പിതാക്കന്മാരുടെ കാലത്തോ ഇങ്ങനെ സംഭവിച്ചിട്ടുണ്ടോ?

യോവേ. 1:3 ഇതു നിങ്ങൾ നിങ്ങളുടെ മക്കളോടും നിങ്ങളുടെ മക്കൾ തങ്ങളുടെ മക്കളോടും അവരുടെ മക്കൾ വരുവാനുള്ള തലമുറയോടും വിവരിച്ചുപറയേണം.

യോവേ. 1:4 മുറിക്കുന്ന വെട്ടുക്കിളി ശേഷിപ്പിച്ചതു ഇരച്ചുകയറുന്ന വെട്ടുക്കിളി തിന്നു; ഇരച്ചുകയറുന്ന വെട്ടുക്കിളി ശേഷിപ്പിച്ചതു നക്കുന്ന വെട്ടുക്കിളി തിന്നു; നക്കുന്ന വെട്ടുക്കിളി ശേഷിപ്പിച്ചതു ദഹപ്പിക്കുന്ന വെട്ടുക്കിളി തിന്നു.

യോവേ. 2:28 അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും.

യോവേ. 2:29 ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.

യോവേ. 2:30 ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും: രക്തവും തീയും പുകത്തൂണും തന്നേ.

| | |
|---|---|
| യോവേ. 2:31 | യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും. |
| യോവേ. 2:32 | എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപെടും; യഹോവ അരുളിച്ചെയ്തതുപോലെ സിയോൻപർവ്വതത്തിലും യെരൂശലേമിലും ഒരു രക്ഷിതഗണവും ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിപ്പാനുള്ളവരും ഉണ്ടാകും. |

B. മനുഷ്യചരിത്രത്തിലെ ദിവ്യചരിത്രം സമയത്തിന്റെ പാലത്തിലൂടെ ഭാവികാല നിത്യതയിലേക്കുള്ള (സങ്കീർത്തനം 90:2) ക്രിസ്തുവിന്റെ "നിത്യതയുടെ നാളുകൾ മുതലുള്ള...കടന്നുപോകലുകൾ" (മീഖാ 5:2) ആണ്, അങ്ങനെ അവന്റെ സംഘാത ആവിഷ്കാരത്തിനും പൂർണ്ണ തേജസ്കരണത്തിനുമായി സകല ജാതികളുടെയും വാഞ്ഛ എന്ന നിലയിൽ (ഹഗ്ഗാ. 2:7) അവൻ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലേക്ക് പകരപ്പെടേണ്ടതിനു തന്നെ.

| | |
|---|---|
| മീഖാ. 5:2 | നീയോ, ബേത്ത്ലഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ. |
| സങ്കീ. 90:2 | പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു. |
| ഹഗ്ഗാ. 2:7 | ഞാൻ സകലജാതികളെയും ഇളക്കും; സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. |

C. പെന്തക്കോസ്ത് നാളിൽ പകരപ്പെട്ട, പ്രക്രിയാവിധേയനായ, പരിണതിപ്രാപിച്ച, സംയുക്ത ആത്മാവിന്റെ പകർച്ചയെക്കുറിച്ച് യോവേൽ സംസാരിക്കുന്നു; ഈ ആത്മാവ് പരിണതി പ്രാപിച്ച ത്രിയേക ദൈവവും ക്രിസ്തുവിന്റെ ആവിഷ്കാരത്തിനായുള്ള ക്രിസ്തുവിന്റെ സാക്ഷാത്കാരവുമാണ്—യോവേ. 2:28-29; പ്രവൃ. 2:1-4, 16-21; 1 തിമൊ. 3:15-16.

| | |
|---|---|
| യോവേ. 2:28 | അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും. |
| യോവേ. 2:29 | ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. |
| പ്രവൃ. 2:1 | അനന്തരം പെന്തെക്കൊസ്തു നാളായപ്പോൾ, അവർ എല്ലാവരും ഒരേ സ്ഥലത്ത് ഒരുമിച്ചായിരുന്നു. |
| പ്രവൃ. 2:2 | പെട്ടെന്ന് ഇരച്ചുകയറുന്ന ഉഗ്രകാറ്റെന്നപോലെ സ്വർഗത്തിൽനിന്ന് ഒരു ശബ്ദം ഉണ്ടായി, അത് അവർ ഇരുന്ന ഭവനത്തെ മുഴുവനും നിറച്ചു. |
| പ്രവൃ. 2:3 | അവർക്കു വിതരണം ചെയ്യപ്പെട്ട, തീ പോലുള്ള നാവുകൾ പ്രത്യക്ഷമായി; അത് അവർ ഓരോരുത്തരുടെയും മേൽ |

ഇരുന്നു.

പ്രവൃ. 2:4 അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും, ആത്മാവ് അവർക്ക് സംസാരിക്കുവാൻ നൽകിയതുപോലെ, വ്യത്യസ്ത ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

പ്രവൃ. 2:16 ഇത് യോവേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതാകുന്നു:

പ്രവൃ. 2:17 "ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും;

പ്രവൃ. 2:18 ആ നാളുകളിൽ ഞാൻ തീർച്ചയായും പുരുഷന്മാരും സ്ത്രീകളുമായ എന്റെ അടിമകളുടെ മേൽ എന്റെ ആത്മാവിനെ ഒഴിക്കുകയും, അവർ പ്രവചിക്കുകയും ചെയ്യും.

പ്രവൃ. 2:19 ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കും, രക്തവും തീയും പുകയാവിയും തന്നെ.

പ്രവൃ. 2:20 കർത്താവിന്റെ വലുതും വിശിഷ്ടവുമായ നാൾ വരുന്നതിനു മുമ്പേ, സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറ്റപ്പെടും.

പ്രവൃ. 2:21 കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

1 തിമൊ. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

**II. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ടും, കർത്താവിന്റെ നാമത്തിനുവേണ്ടി കഷ്ടം സഹിച്ചുകൊണ്ടും, യേശുവിന്റെ നാമമായ, കർത്താവിന്റെ നാമത്തിൽ സംസാരിച്ചുകൊണ്ടും ദിവ്യചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു:**

A. ദൈവത്തിന്റെ പുതിയനിയമ യോബേലിനെ സംബന്ധിച്ച യോവേലിന്റെ പ്രവചനത്തിനും അതിന്റെ നിവൃത്തിക്കും രണ്ട് വശങ്ങളുണ്ട്: ദൈവത്തിന്റെ വശത്ത്, പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ആരോഹണത്തിൽ അവൻ തന്റെ ആത്മാവിനെ പകർന്നു; നമ്മുടെ വശത്ത്, എല്ലാം നിവർത്തിച്ചവനും, എല്ലാവർക്കും വേണ്ടി പ്രാപിച്ചവനും, എല്ലാം നേടിയവനുമായ ആരോഹണം ചെയ്ത കർത്താവിന്റെ നാമം നാം വിളിച്ചപേക്ഷിക്കുന്നു—പ്രവൃ. 2:16-18, 21; യോവേ. 2:28-29, 32:

പ്രവൃ. 2:16 ഇത് യോവേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതാകുന്നു:

പ്രവൃ. 2:17 "ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ

ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും;

പ്രവൃ. 2:18 ആ നാളുകളിൽ ഞാൻ തീർച്ചയായും പുരുഷന്മാരും സ്ത്രീകളുമായ എന്റെ അടിമകളുടെ മേൽ എന്റെ ആത്മാവിനെ ഒഴിക്കുകയും, അവർ പ്രവചിക്കുകയും ചെയ്യും.

പ്രവൃ. 2:21 കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

യോവേ. 2:28 അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും.

യോവേ. 2:29 ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.

യോവേ. 2:32a എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപെടും;...

1. മനുഷ്യചരിത്രത്തിന്റെ മധ്യത്തിലുള്ള നമ്മുടെ ദിവ്യചരിത്രം, ക്രിസ്തുവിന്റെ നിറവായ, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി ക്രിസ്തുവിന്റെ സമ്പത്ത് ആസ്വദിക്കുവാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിന്റെ ചരിത്രമാണ്—റോമ. 10:12-13; എഫെ. 3:8, 19; 1:22-23.

    റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

    റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

    എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

    എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

    എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

    എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

2. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെ, നാം ദൈവത്തിന്റെ സുവർണ ദിവ്യചരിത്രത്തിൽ നമ്മെത്തന്നെ കാത്തുസൂക്ഷിക്കുന്നു—ഇത് എനോശിൽനിന്ന് ആരംഭിച്ച് (ഉല്പ. 4:26) പഴയനിയമത്തിലൂടെയും

പുതിയനിയമത്തിലൂടെയും തുടരുകയും (ഇയ്യോ. 12:4; ഉല്പ. 12:8; 26:25; ആവ. 4:7; ന്യായാ. 15:18; 1 ശമൂ. 12:18; സങ്കീ. 116:4, 13, 17; 80:18; 88:9; 1 രാജാ. 18:24; യെശ. 12:4; വിലാ. 3:55, 57; സങ്കീ. 99:6; യെശ. 55:6; യോനാ. 1:6; 2 രാജാ. 5:11; യെശ. 41:25; പ്രവൃ. 2:21; 7:59 ; 9:14, 21; 22:16; റോമ. 10:12-13; 1 കൊരി. 1:2; 2 തിമൊ. 2:22), ബൈബിളിലെ അവസാനത്തെ പ്രാർഥനയോടുകൂടെ അവസാനിക്കുകയും ചെയ്യുന്ന ചരിത്രമാണ് (വെളി. 22:20).

| | |
|---|---|
| ഉല്പ. 4:26 | ശേത്തിന്നും ഒരു മകൻ ജനിച്ചു; അവന്നു എനോശ് എന്നു പേരിട്ടു. ആ കാലത്തു യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി. |
| ഇയ്യോ. 12:4 | ദൈവത്തെ വിളിച്ചു ഉത്തരം ലഭിച്ച ഞാൻ എന്റെ സഖിക്കു പരിഹാസവിഷയമായിത്തീർന്നു; നീതിമാനും നഷ്കളങ്കനുമായവൻ തന്നേ പരിഹാസവിഷയമായിത്തീർന്നു. |
| ഉല്പ. 12:8 | അവൻ അവിടെനിന്നു ബേഥേലിന്നു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു. |
| ഉല്പ. 26:25 | അവിടെ അവൻ ഒരു യാഗപീഠം പണിതു, യഹോവയുടെ നാമത്തിൽ ആരാധിച്ചു. അവിടെ തന്റെ കൂടാരം അടിച്ചു; അവിടെയും യിസ്ഹാക്കിന്റെ ദാസന്മാർ ഒരു കിണറു കുഴിച്ചു. |
| ആവ. 4:7 | നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു? |
| ന്യായാ. 15:18 | പിന്നെ അവൻ വളരെ ദാഹിച്ചിട്ടു യഹോവയോടു നിലവിളിച്ചു: അടിയന്റെ കയ്യാൽ ഈ മഹാജയം നീ നല്കിയല്ലോ; ഇപ്പോൾ ഞാൻ ദാഹംകൊണ്ടു മരിച്ചു അഗ്രചർമ്മികളുടെ കയ്യിൽ വീഴേണമോ എന്നു പറഞ്ഞു. |
| 1 ശമൂ. 12:18 | അങ്ങനെ ശമൂവേൽ യഹോവയോടു അപേക്ഷിച്ചു; യഹോവ അന്നു ഇടിയും മഴയും അയച്ചു; ജനമെല്ലാം യഹോവയെയും ശമൂവേലിനെയും ഏറ്റവും ഭയപ്പെട്ടു. |
| സങ്കീ. 116:4 | അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു. |
| സങ്കീ. 116:13 | ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. |
| സങ്കീ. 116:17 | ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. |
| സങ്കീ. 80:18 | എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. |

| | |
|---|---|
| സങ്കീ. 88:9 | എന്റെ കണ്ണു കഷ്ടതഹേതുവായി ക്ഷയിച്ചുപോകുന്നു; യഹോവേ, ഞാൻ ദിവസംപ്രതിയും നിന്നെ വിളിച്ചപേക്ഷിക്കയും എന്റെ കൈകളെ നിങ്കലേക്കു മലർത്തുകയും ചെയ്യുന്നു. |
| 1 രാജാ. 18:24 | നിങ്ങൾ നിങ്ങളുടെ ദേവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ഞാൻ യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിക്കാം; തീകൊണ്ടു ഉത്തരം അരുളുന്ന ദൈവം തന്നേ ദൈവമെന്നു ഇരിക്കട്ടെ; അതിന്നു ജനം എല്ലാം: |
| യെശ. 12:4 | അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ. |
| വിലാ. 3:55 | യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു. |
| വിലാ. 3:57 | ഞാൻ നിന്നെ വിളിച്ചപേക്ഷിച്ച നാളിൽ നീ അടുത്തുവന്നു: ഭയപ്പെടേണ്ടാ എന്നു പറഞ്ഞു. |
| സങ്കീ. 99:6 | അവന്റെ പുരോഹിതന്മാരിൽ മോശെയും അഹരോനും, അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരിൽ ശമൂവേലും; ഇവർ യഹോവയോടു അപേക്ഷിച്ചു; അവൻ അവർക്കു ഉത്തരമരുളി. |
| യെശ. 55:6 | യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ. |
| യോനാ. 1:6 | കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്നു അവനോടു: നീ ഉറങ്ങുന്നതു എന്തു? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാതിരിക്കേണ്ടതിന്നു ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു. |
| 2 രാജാ. 5:11 | അപ്പോൾ നയമാൻ ഏറ്റവും ക്രുദ്ധിച്ചു പുറപ്പെട്ടു: അവൻ തന്നേ പുറത്തുവന്നു അടുത്തുനിന്നു തന്റെ ദൈവമായ യഹോവയുടെ നാമത്തെ വിളിച്ചു പ്രാർത്ഥിച്ചു തന്റെ കൈ ആ സ്ഥലത്തിന്മീതെ ആട്ടി ഇങ്ങനെ കുഷ്ഠരോഗിയെ സൗഖ്യമാക്കും എന്നു ഞാൻ വിചാരിച്ചു. |
| യെശ. 41:25 | ഞാൻ ഒരുത്തനെ വടക്കുനിന്നു എഴുന്നേല്പിച്ചു; അവൻ വന്നിരിക്കുന്നു; സൂര്യോദയദിക്കിൽനിന്നു അവനെ എഴുന്നേല്പിച്ചു; അവൻ എന്റെ നാമത്തെ ആരാധിക്കും; അവൻ വന്നു ചെളിയെപ്പോലെയും കുശവൻ കളിമണ്ണു ചവിട്ടുന്നതുപോലെയും ദേശാധിപതികളെ ചവിട്ടും. |
| പ്രവൃ. 2:21 | കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.” |
| പ്രവൃ. 7:59 | കർത്താവായ യേശുവേ എന്റെ ആത്മാവിനെ |

കൈക്കൊള്ളേണമേ! എന്ന് സ്തെഫാനൊസ് കർത്താവിനെ വിളിച്ചപേക്ഷിച്ചു പറയുമ്പോൾ, അവർ അവനെ കല്ലെറിഞ്ഞു.

| | |
|---|---|
| പ്രവൃ. 9:14 | ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്. |
| പ്രവൃ. 9:21 | അവനെ കേട്ടവർ എല്ലാം ആശ്ചര്യപ്പെട്ട്, യെരൂശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ സംഹരിച്ചവനും, മുഖ്യപുരോഹിതന്മാർക്കു മുമ്പാകെ അവരെ ബന്ധിച്ചു കൊണ്ടുപോകേണ്ടതിന്, ഇവിടെ വന്നവനും ഇവനല്ലയോ? എന്നു പറഞ്ഞു. |
| പ്രവൃ. 22:16 | ഇനി വൈകുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്നാനപ്പെടുകയും നിന്റെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക. |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |
| 1 കൊരി. 1:2 | കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്: |
| 2 തിമൊ. 2:22 | എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക. |
| വെളി. 22:20 | ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ! |

B. നാം ദിവ്യ ചരിത്രത്തിൽ ജീവിക്കവേ, മനുഷ്യചരിത്രത്തിനുള്ളിൽ കർത്താവിന്റെ നാമത്തിനുവേണ്ടി നാം കഷ്ടമനുഭവിക്കുന്നു; മനുഷ്യർ അപമാനിക്കുകയും എന്നാൽ ദൈവം മാനിക്കുകയും ചെയ്ത യേശുവിന്റെ നാമത്തിനുവേണ്ടി, അപമാനിക്കപ്പെടുന്നത് ഒരു യഥാർഥ ബഹുമതിയാണ്—പ്രവൃ. 4:18-20, 29-31; 5:41-42; 9:13-16; 2 കൊരി. 6:4; 11:23; കൊലൊ. 1:24-25.

| | |
|---|---|
| പ്രവൃ. 4:18 | അവർ അവരെ വിളിച്ചപ്പോൾ, യാതൊന്നും ഉച്ചരിക്കരുതെന്നും യേശുവിന്റെ നാമത്തെ ആധാരമാക്കി ഉപദേശിക്കരുതെന്നും അവരോട് ആജ്ഞാപിച്ചു. |
| പ്രവൃ. 4:19 | എന്നാൽ പത്രൊസും യോഹന്നാനും അവരോട്, ദൈവത്തെക്കാളുപരി നിങ്ങളെ കേൾക്കുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ ശരിയാകുന്നുവോ, നിങ്ങൾ വിധിക്കുവിൻ; |
| പ്രവൃ. 4:20 | ഞങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ |

സംസാരിക്കാതിരിക്കുവാൻ ഞങ്ങൾക്കു കഴിയില്ല എന്ന് ഉത്തരം പറഞ്ഞു.

| | |
|---|---|
| പ്രവൃ. 4:29 | ഇപ്പോഴോ, കർത്താവേ, അവരുടെ ഭീഷണികളിന്മേൽ നോക്കി, നിന്റെ അടിമകൾക്ക് സകല ധൈര്യത്തോടുംകൂടി നിന്റെ വചനം സംസാരിക്കുവാൻ ഇടയാക്കേണമേ, |
| പ്രവൃ. 4:30 | സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുമ്പോൾ, നിന്റെ വിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും നടക്കേണ്ടതിനു തന്നെ. |
| പ്രവൃ. 4:31 | അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| പ്രവൃ. 5:41 | അങ്ങനെ അവർ, ഈ നാമത്തെച്ചൊല്ലി അപമാനിക്കപ്പെടുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചുകൊണ്ട്, സൻഹെദ്രിന്റെ സന്നിധിയിൽനിന്നു പോയി. |
| പ്രവൃ. 5:42 | എല്ലാ ദിവസവും, ദൈവാലയത്തിലും ഭവനംതോറും, ഉപദേശിക്കുകയും യേശുവിനെ ക്രിസ്തുവായി സുവിശേഷം അറിയിക്കുകയും ചെയ്യുന്നത് അവർ നിർത്തിയില്ല. |
| പ്രവൃ. 9:13 | എന്നാൽ അനന്യാസ്, കർത്താവേ, അവൻ യെരൂശലേമിലുള്ള നിന്റെ വിശുദ്ധന്മാരോട് എത്രമാത്രം ദുഷ്ടത ചെയ്തിരിക്കുന്നു എന്ന് ഈ മനുഷ്യനെക്കുറിച്ച് അനേകരിൽ നിന്ന് ഞാൻ കേട്ടിരിക്കുന്നു; |
| പ്രവൃ. 9:14 | ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്. |
| പ്രവൃ. 9:15 | എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു; |
| പ്രവൃ. 9:16 | എന്റെ നാമത്തിനു വേണ്ടി അവൻ എത്രമാത്രം കഷ്ടം സഹിക്കേണം എന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും എന്നു പറഞ്ഞു. |
| 2 കൊരി. 6:4 | സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷക്കാരായി ഞങ്ങൾ അവതരിപ്പിക്കുന്നു, വളരെ സഹിഷ്ണുതയിൽ, പീഡകളിൽ, ബുദ്ധിമുട്ടുകളിൽ, ഞെരുക്കങ്ങളിൽ, |
| 2 കൊരി. 11:23 | അവർ ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ സുബോധം നഷ്ടപ്പെട്ടവനെ പോലെ സംസാരിക്കുന്നു, ഞാൻ അധികമായി തന്നെ! അധികമായി അധ്വാനിച്ചു, അധികമായി തടവിലായി, ധാരാളം അടികൊണ്ടു, പലപ്പോഴും മരണങ്ങളിൽ. |
| കൊലൊ. 1:24 | ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും |

ചെയ്യുന്നു;

കൊലൊ. 1:25 ദൈവവചനം പൂർത്തിയാക്കുവാൻ നിങ്ങൾക്കുവേണ്ടി എനിക്കു നൽകിയിരിക്കുന്ന ദൈവത്തിന്റെ കാര്യവിചാരകത്വത്തിനൊത്തവണ്ണം ഞാൻ അതിന്റെ ശുശ്രൂഷകനായിത്തീർന്നു,

C. "യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ" സംസാരിച്ചുകൊണ്ട് നാം മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രം നടപ്പിലാക്കുന്നു; ഈ നാമം കർത്താവ് തന്റെ വ്യക്തിയിലും വേലയിലും താൻ ആയിരിക്കുന്നതിന്റെ ആകെത്തുകയുടെ ആവിഷ്കാരമാണ്—പ്രവൃ. 9:27; ഫിലി. 2:9-11; 1 തെസ്സ. 2:2; 2 കൊരി. 4:5.

പ്രവൃ. 9:27 എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

1 തെസ്സ. 2:2 ഫിലിപ്പിയിൽ വച്ച്, നിങ്ങൾ അറിയുംപോലെ തന്നെ, മുമ്പ് കഷ്ടമനുഭവിക്കുകയും നിഷ്ഠൂരമായി അപമാനിക്കപ്പെടുകയും ചെയ്തിട്ട്, വളരെ പോരാട്ടത്തിൽ ദൈവത്തിന്റെ സുവിശേഷം നിങ്ങളോടു സംസാരിക്കുവാൻ ഞങ്ങളുടെ ദൈവത്തിൽ ഞങ്ങൾ ധൈര്യമുള്ളവരായിരുന്നു.

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

**III. ഒരു ശരീരമായി ജീവിക്കുകയും, നീങ്ങുകയും, പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ദിവ്യചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു; അവർ ശരീരത്തിലും, ശരീരത്തിലൂടെയും, ശരീരത്തിനുവേണ്ടിയും എല്ലാം ചെയ്യുന്നു:**

A. കർത്താവായ യേശു മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും, ആരോഹണം ചെയ്യുകയും ചെയ്തതിനുശേഷം, അവൻ ഭൂമിയിൽ ആയിരക്കണക്കിന് ആളുകളിൽ ജീവിക്കുകയും, പ്രവർത്തിക്കുകയും, നടക്കുകയും, പ്രവർത്തിക്കുകയും ചെയ്തു, കാരണം അവൻ തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവനെത്തന്നെ അവരിലേക്ക് പകർന്നു—യോഹ. 12:24.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു

തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

B. നാല് സുവിശേഷങ്ങളും നമുക്ക് തലയുടെ ചിത്രം നൽകുന്നു, പ്രവൃത്തികളുടെ പുസ്തകം നമുക്ക് ശരീരത്തെ കാണിച്ചുതരുന്നു; പ്രവൃത്തികളുടെ പുസ്തകം വാസ്തവത്തിൽ ക്രിസ്തുവിന്റെ പുനരുൽപാദനവും തനിപ്പകർപ്പുമായ അവന്റെ ശരീരം എന്ന നിലയിൽ സഭയിൽ ആത്മാവിനാലുള്ള ക്രിസ്തുവിന്റെ പ്രവൃത്തിയാണ്—1:14; 2:14, 42; 9:4-5; 28:13-15.

| | |
|---|---|
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. |
| പ്രവൃ. 2:14a | എന്നാൽ പത്രൊസ് പതിനൊന്നു പോരൊടുകൂടെ നിന്ന്, ശബ്ദം ഉയർത്തി അവരോട് പറഞ്ഞു:... |
| പ്രവൃ. 2:42 | അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു. |
| പ്രവൃ. 9:4 | അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു. |
| പ്രവൃ. 9:5 | നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. |
| പ്രവൃ. 28:13 | അവിടെനിന്നു ചുറ്റി യാത്ര ചെയ്ത് ഞങ്ങൾ രേഗ്യൊനിൽ എത്തി. ഒരു ദിവസത്തിനു ശേഷം ഒരു തെക്കൻകാറ്റടിക്കുകയും, രണ്ടാം ദിവസം ഞങ്ങൾ പുത്യൊലിയിലേക്കു വരുകയും ചെയ്തു, |
| പ്രവൃ. 28:14 | അവിടെ സഹോദരന്മാരെ കണ്ടെത്തിയിട്ട്, ഏഴു നാൾ അവരോടൊപ്പം തങ്ങുവാൻ ഞങ്ങളെ നിർബന്ധിച്ചു. അങ്ങനെ ഞങ്ങൾ റോമയിലേക്കു വന്നു. |
| പ്രവൃ. 28:15 | അവിടെനിന്ന് സഹോദരന്മാർ ഞങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ കേട്ടിട്ട്, ഞങ്ങളെ കണ്ടുമുട്ടുവാൻ അപ്യപുരം, ത്രിമണ്ഡപം എന്നിവിടങ്ങളിൽ നിന്നു വന്നു; പൗലൊസ് അവരെ കണ്ടപ്പോൾ ദൈവത്തിന് നന്ദി ചൊല്ലി ധൈര്യപ്പെട്ടു. |

**IV. തങ്ങളെത്തന്നെ ത്യജിച്ചുകൊണ്ട് മറ്റൊരു ജീവനാൽ—ദിവ്യജീവനായ ക്രിസ്തുവിനാൽ—ജീവിക്കുന്നതിലൂടെ ദിവ്യ ചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു; ക്രിസ്തുവിന്റെ ഈ സംഘാത ജീവിതമാണ് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം:**

A. പ്രവൃത്തികൾ 5:20-ൽ സൂചിപ്പിച്ചിരിക്കുന്ന “ഈ ജീവൻ” പത്രൊസ് പ്രസംഗിക്കുകയും, ശുശ്രൂഷിക്കുകയും, അതിനാൽ ജീവിക്കുകയും ചെയ്ത ദിവ്യ ജീവനാണ്, അത് യെഹൂദ നേതാക്കളുടെ ഉപദ്രവവും, ഭീഷണിയും, കാരാഗൃഹവാസവും ജയിച്ചു; പത്രൊസിന്റെ ജീവിതവും വേലയും ദിവ്യ ജീവനെ അവന്റെ സാഹചര്യത്തിൽ അത്രമാത്രം യഥാർഥവും സന്നിഹിതവുമാക്കി, അത് ദൂതൻ പോലും കാണുകയും ചൂണ്ടിക്കാണിക്കുകയും ചെയ്തു.

| | |
|---|---|
| പ്രവൃ. 5:20 | പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു. |

B. പൗലൊസ് ക്രിസ്തുവിനെ ജീവിക്കുകയും ദൈവത്തെ സേവിക്കുകയും ചെയ്തത് അവന്റെ ആത്മാവിലുള്ള യേശുവിന്റെ സർവവും ഉൾക്കൊള്ളുന്ന

ആത്മാവിനാൽ (ദിവ്യാത്മാവ് അവന്റെ മനുഷ്യാത്മാവുമായി ഇഴുകിച്ചേർന്ന ഏകാത്മാവ്) ആയിരുന്നു; അവൻ തിരശ്ശീലയ്ക്കുള്ളിലും (പ്രായോഗിക അതിവിശുദ്ധ സ്ഥലമായ അവന്റെ ആത്മാവിൽ), പാളയത്തിന് (മതത്തിന്റെ മനുഷ്യ സംഘടനയ്ക്ക്) പുറത്തും ജീവിച്ചു—16:6-7; 17:16; 19:21; റോമ. 8:16; 2 തിമൊ. 4:22; 1 കൊരി. 6:17; റോമർ 1:9; ഫിലി. 3:3; എബ്രാ. 6:19-20; 13:13.

| | |
|---|---|
| പ്രവൃ. 16:6 | പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |
| പ്രവൃ. 17:16 | പൗലൊസ് അഥേനയിൽ അവർക്കായി കാത്തിരിക്കുമ്പോൾ, ആ പട്ടണം വിഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്നത് കണ്ടിട്ട് അവന്റെ ആത്മാവ് അവനിൽ പ്രകോപിപ്പിക്കപ്പെട്ടു. |
| പ്രവൃ. 19:21 | പിന്നെ ഇവയെല്ലാം നിവൃത്തിയായപ്പോൾ, ഞാൻ അവിടെ പോയശേഷം എനിക്ക് റോമയും കാണണം എന്നു പറഞ്ഞുകൊണ്ട് പൗലൊസ് മക്കെദോന്യയിലൂടെയും അഖായയിലൂടെയും കടന്ന് യെരൂശലേമിലേക്കു പോകുവാൻ തന്റെ ആത്മാവിൽ നിശ്ചയിച്ചു. |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |
| റോമ. 1:9 | ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, |
| ഫിലി. 3:3 | നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ, |
| എബ്രാ. 6:19 | അത് ഭദ്രവും ദൃഢവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുമായി, ദേഹിയുടെ നങ്കൂരമായി നമുക്കുണ്ട്, |
| എബ്രാ. 6:20 | അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു. |
| എബ്രാ. 13:13 | അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം. |

C. മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രത്തിലും, നമ്മുടെ മനുഷ്യജീവിതത്തിൽ ദിവ്യജീവനാലും ജീവിക്കുന്നതിന്, അവനെ സ്നേഹിക്കുകയും, അവനെ സ്വീകരിക്കുകയും, അവനാൽ നിറയുകയും, അവനെ നമുക്ക് എല്ലാമാകുവാനും, നമ്മിലും നമ്മിലൂടെയും നമുക്കുവേണ്ടിയും എല്ലാം ചെയ്യുവാൻ അനുവദിക്കുകയും ചെയ്തുകൊണ്ട് നാം കർത്താവിന്

തുറക്കപ്പെട്ട പാത്രങ്ങളായിരിക്കണം—പ്രവൃ. 9:15; 2 കൊരി. 4:7; റോമ. 9:21, 23; പ്ര.നി. 2 രാജാ. 4:1-6.

| | |
|---|---|
| പ്രവൃ. 9:15 | എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു; |
| 2 കൊരി. 4:7 | എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്. |
| റോമ. 9:21 | അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ? |
| റോമ. 9:23 | തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്, |
| 2 രാജാ. 4:1 | പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തി എലീശയോടു നിലവിളിച്ചു: നിന്റെ ദാസനായ എന്റെ ഭർത്താവു മരിച്ചുപോയി; നിന്റെ ദാസൻ യഹോവാഭക്തനായിരുന്നു എന്നു നിനക്കറിയാമല്ലോ; ഇപ്പോൾ കടക്കാരൻ എന്റെ രണ്ടു മക്കളെ പിടിച്ചു അടിമകളാക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. |
| 2 രാജാ. 4:2 | എലീശ അവളോടു: ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യേണം? പറക; വീട്ടിൽ നിനക്കു എന്തുള്ളു എന്നു ചോദിച്ചു. ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നും ഇല്ല എന്നു അവൾ പറഞ്ഞു. |
| 2 രാജാ. 4:3 | അതിന്നു അവൻ: നീ ചെന്നു നിന്റെ അയൽക്കാരോടൊക്കെയും വെറുമ്പാത്രങ്ങൾ വായ്പ വാങ്ങുക; പാത്രങ്ങൾ കുറവായിരിക്കരുതു. |
| 2 രാജാ. 4:4 | പിന്നെ നീയും നിന്റെ മക്കളും അകത്തു കയറി വാതിൽ അടച്ചു പാത്രങ്ങളിലൊക്കെയും പകർന്നു, നിറഞ്ഞതു നിറഞ്ഞതു ഒരു ഭാഗത്തുമാറ്റിവെക്കുക എന്നു പറഞ്ഞു. |
| 2 രാജാ. 4:5 | അവൾ അവനെ വിട്ടു ചെന്നു തന്റെ മക്കളോടുകൂടെ അകത്തുകടന്നു വാതിൽ അടച്ചു; അവർ അവളുടെ അടുക്കൽ പാത്രങ്ങളെ വെച്ചുകൊടുക്കയും അവൾ പകരുകയും ചെയ്തു. |
| 2 രാജാ. 4:6 | പാത്രങ്ങൾ നിറഞ്ഞശേഷം അവൾ തന്റെ മകനോടു: ഇനിയും പാത്രം കൊണ്ടുവരിക എന്നു പറഞ്ഞു. അവൻ അവളോടു: പാത്രം ഒന്നും ഇല്ല എന്നു പറഞ്ഞു. അപ്പോൾ എണ്ണ നിന്നുപോയി. |

V. **പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടർന്നുകൊണ്ട് ദിവ്യ ചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു; ഇത് അവന്റെ സ്വർഗീയ ശുശ്രൂഷയിൽ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവുമായുള്ള ഏകോപനത്തിൽ അപ്പൊസ്തലിക ശുശ്രൂഷയിൽ ജീവിക്കുന്നതാണ്—6:4; എബ്രാ. 7:25; 8:1-2:**

| | |
|---|---|
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |

എബ്രാ. 7:25 അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

എബ്രാ. 8:1 ഈ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിലെ മുഖ്യകാര്യം ഇതാകുന്നു: സ്വർഗത്തിൽ, മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നവനായി,

എബ്രാ. 8:2 വിശുദ്ധസ്ഥലങ്ങളുടെ, മനുഷ്യനല്ല കർത്താവ് ഉറപ്പിച്ച സത്യകൂടാരത്തിന്റെ തന്നെ ശുശ്രൂഷകനായ ഇങ്ങനെ ഒരു മഹാപുരോഹിതൻ നമുക്കുണ്ട്.

A. പ്രാർഥനയിലൂടെ നാം ഉയരത്തിലുള്ള കാര്യങ്ങളിൽ നമ്മുടെ മനസ്സിനെ ഉറപ്പിക്കുകയും അങ്ങനെ സ്വർഗത്തിലുള്ള ക്രിസ്തുവിന്റെ ശുശ്രൂഷയുടെ പ്രതിഫലനമായിത്തീരുകയും ചെയ്യുന്നു; മനുഷ്യന് ചെയ്യുവാൻ കഴിയാത്തത് ചെയ്യുവാനും, മനുഷ്യന് മനസ്സിലാക്കാൻ കഴിയാത്തത് മനസ്സിലാക്കുവാനും, മനുഷ്യന് സംസാരിക്കുവാൻ കഴിയാത്തത് സംസാരിക്കുവാനും കഴിയേണ്ടതിന് നാം പ്രാർഥനയിൽ ആശ്രയിക്കുന്നു—പ്രവൃ. 9:11; 13:1-4; കൊലൊ. 3:1-3; 4:2; എഫെ. 6:18; ദാനീ. 6:10; 9:2-3; 1 കൊരി. 2:13; 2 കൊരി. 3:6.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ പ്രാർഥിക്കുന്നു;

പ്രവൃ. 13:1 അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 13:4 പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

കൊലൊ. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

കൊലൊ. 3:2 ഭൂമിയിലുള്ള കാര്യങ്ങളിലല്ല, ഉയരത്തിലുള്ള കാര്യങ്ങളിൽ മനസ്സുറപ്പിക്കുവിൻ.

കൊലൊ. 3:3 എന്തെന്നാൽ നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ

ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

ദാനീ. 6:10 എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, - അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു - താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.

ദാനീ. 9:2 അവന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ തന്നേ, ദാനീയേൽ എന്ന ഞാൻ: യെരൂശലേമിന്റെ ശൂന്യാവസ്ഥ എഴുപതു സംവത്സരംകൊണ്ടു തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാടു യിരെമ്യാപ്രവാചകന്നുണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളിൽനിന്നു ഗ്രഹിച്ചു.

ദാനീ. 9:3 അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും കൊണ്ടു പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിന്നു ദൈവമായ കർത്താവിങ്കലേക്കു മുഖം തിരിച്ചു.

1 കൊരി. 2:13 ആത്മിക കാര്യങ്ങളെ ആത്മിക വചനങ്ങളാൽ വ്യാഖ്യാനിച്ചു കൊണ്ട്, മാനുഷിക ജ്ഞാനം പഠിപ്പിച്ച വചനങ്ങളിൽ അല്ല ആത്മാവ് പഠിപ്പിച്ച വചനങ്ങളിലത്രേ ഇവയെ ഞങ്ങൾ സംസാരിക്കുന്നത്.

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

B. വചന ശുശ്രൂഷയിലൂടെ, സ്വർഗീയ ജീവനായും ശക്തിയായും നാം ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് പകരുന്നു, അങ്ങനെ ഭൂമിയിൽ അവരുടെ സ്വർഗീയ ജീവിതമായി ക്രിസ്തുവിനെ ജീവിക്കുവാൻ തക്കവണ്ണം അവർ ക്രിസ്തുവിന്റെ സമ്പത്തിനാൽ നിലനിറുത്തപ്പെടുന്നു—റോമ. 15:16; പ്ര.നി. യെശ. 50:4-5.

റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

യെശ. 50:4 തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു

യെശ. 50:5 യഹോവയായ കർത്താവു എന്റെ ചെവി തുറന്നു; ഞാനോ

മറുത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല.

**VI. ഭൂമിയിലെ ദൈവത്തിന്റെ നീക്കത്തിന്റെ കേന്ദ്രവും സഭയിലൂടെയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ യാഥാർഥ്യവും ക്രിസ്തുവാണെന്ന് കാണിക്കുന്ന സങ്കീർത്തനം 68-ൽ കാണുന്ന ദിവ്യ ചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു—വാ. 1, 24:**

Psa. 68 be omitted.

സങ്കീ. 68:1 സംഗീതപ്രമാണിക്കു; ദാവീദിന്റെ ഒരു സങ്കീർത്തനം; ഒരു ഗീതം. ദൈവം എഴുന്നേല്ക്കുന്നു; അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു; അവനെ പകെക്കുന്നവരും അവന്റെ മുമ്പിൽനിന്നു ഓടിപ്പോകുന്നു.

സങ്കീ. 68:24 ദൈവമേ, അവർ നിന്റെ എഴുന്നെള്ളത്തുകണ്ടു; എന്റെ ദൈവവും രാജാവുമായവന്റെ വിശുദ്ധമന്ദിരത്തേക്കുള്ള എഴുന്നെള്ളത്തു തന്നേ.

A. ജീവൻ പകരുന്നവനും പകരപ്പെട്ട ആത്മാവുമായ, പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചവനുമായ ത്രിയേക ദൈവത്തെ നാം ദിനംപ്രതി ആസ്വദിക്കണം—വാ. 11-13, 19; പ്രവൃ. 2:46-47; 5:42; 16:5; 20:31; 28:30-31.

സങ്കീ. 68:11 കർത്താവു ആജ്ഞ കൊടുക്കുന്നു; സുവാർത്താദൂതികൾ വലിയോരു ഗണമാകുന്നു.

സങ്കീ. 68:12 സൈന്യങ്ങളുടെ രാജാക്കന്മാർ ഓടുന്നു, ഓടുന്നു; വീട്ടിൽ പാർക്കുന്നവൾ കവർച്ച പങ്കിടുന്നു.

സങ്കീ. 68:13 നിങ്ങൾ തൊഴുത്തുകളുടെ ഇടയിൽ കിടക്കുമ്പോൾ പ്രാവിന്റെ ചിറകു വെള്ളികൊണ്ടും അതിന്റെ തൂവലുകൾ പൈമ്പൊന്നുകൊണ്ടും പൊതിഞ്ഞിരിക്കുന്നതുപോലെ ആകുന്നു.

സങ്കീ. 68:19 നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവു വാഴ്ത്തപ്പെടുമാറാകട്ടെ. സേലാ.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

പ്രവൃ. 2:47 ദൈവത്തെ സ്തുതിക്കുകയും സകല ജനത്തോടുംകൂടെ കൃപ ഉണ്ടായിരിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി ഒരുമിച്ച് ചേർത്തുകൊണ്ടിരുന്നു.

പ്രവൃ. 5:42 എല്ലാ ദിവസവും, ദൈവാലയത്തിലും ഭവനംതോറും, ഉപദേശിക്കുകയും യേശുവിനെ ക്രിസ്തുവായി സുവിശേഷം അറിയിക്കുകയും ചെയ്യുന്നത് അവർ നിർത്തിയില്ല.

പ്രവൃ. 16:5 അങ്ങനെ സഭകൾ വിശ്വാസത്തിൽ ബലപ്പെടുകയും ദിനന്തോറും എണ്ണത്തിൽ വർധിക്കുകയും ചെയ്തു.

പ്രവൃ. 20:31 അതുകൊണ്ട്, മൂന്നു വർഷം രാത്രിയും പകലും കണ്ണുനീരോടെ നിങ്ങൾ ഓരോരുത്തനെയും ഉദ്ബോധിപ്പിക്കുന്നത് ഞാൻ നിർത്തിയില്ല എന്ന് ഓർത്തുകൊണ്ട്, ഉണർന്നിരിക്കുവിൻ.

പ്രവൃ. 28:30 അവൻ രണ്ടു വർഷം മുഴുവൻ തന്റെ സ്വന്തം വാടക വീട്ടിൽ തുടർന്നു, തന്റെ അടുക്കൽ വന്ന എല്ലാവരെയും സ്വാഗതം

ചെയ്തു,

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

B. സുവിശേഷ പ്രസംഗത്തിനുള്ള ഗതാഗതത്തിനും വ്യാപനത്തിനുമായി സുവിശേഷകന്മാരുടെ "തീരം" എന്ന നിലയിൽ നാം ക്രിസ്തുവിൽ വസിക്കണം; പെന്തക്കോസ്ത് നാളിൽ ഗലീലക്കാരായിരുന്ന കുറഞ്ഞത് നൂറ്റിയിരുപത് സുവിശേഷ "കപ്പലുകൾ" സുവിശേഷം പ്രചരിപ്പിക്കുന്നതിനായി "തീരത്ത്" നിന്ന് പുറപ്പെട്ടുപോയി—സങ്കീ. 68:27; ഉല്പ. 49:13; പ്രവൃ. 2:7; 13:31.

സങ്കീ. 68:27 അവിടെ അവരുടെ നായകനായ ചെറിയ ബെന്യാമീനും യെഹൂദാപ്രഭുക്കന്മാരും അവരുടെ സംഘവും സെബൂലൂൻപ്രഭുക്കന്മാരും നഫ്താലിപ്രഭുക്കന്മാരും ഉണ്ടു.

ഉല്പ. 49:13 സെബൂലൂൻ സമുദ്രതീരത്തു വസിക്കും; അവൻ കപ്പൽതുറമുഖത്തു പാർക്കും; അവന്റെ പാർശ്വം സീദോൻവരെ ആകും.

പ്രവൃ. 2:7 അവർ അമ്പരന്നും ആശ്ചര്യപ്പെട്ടും പറഞ്ഞത്, ഇതാ, ഈ സംസാരിക്കുന്നവർ എല്ലാവരും ഗലീലക്കാർ അല്ലയോ?

പ്രവൃ. 13:31 പിന്നെ നിരവധി നാളുകൾ അവൻ തന്നോടൊപ്പം ഗലീലയിൽ നിന്നു യെരൂശലേമിലേക്ക് കയറിവന്നവർക്ക് പ്രത്യക്ഷനായി, അവർ ഇപ്പോൾ ജനത്തിന് അവന്റെ സാക്ഷികൾ ആകുന്നു.

**VII. നമ്മോടുള്ള കരുണ എന്ന നിലയിൽ ക്രിസ്തു താൻ ആയിരിക്കുന്ന എല്ലാ വശങ്ങളുമായ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായും, ദാവീദിന്റെ വിശുദ്ധമായവ, വിശ്വസ്തമായവയായും തുടർമാനമായി ആസ്വദിക്കുകയും ജീവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് ദിവ്യചരിത്രത്തിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു—13:32-34:**

പ്രവൃ. 13:32 ഞങ്ങളോ പിതാക്കന്മാർക്കു ചെയ്ത വാഗ്ദത്തത്തിന്റെ സുവിശേഷം നിങ്ങളോട് അറിയിക്കുന്നു.

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും."

A. ദാവീദിനോട് ദൈവം കാണിച്ച നിശ്ചലകരുണകളെന്ന നിലയിൽ ദാവീദിന്റെ സന്തതിയായ ക്രിസ്തു തന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായി ജനിപ്പിക്കപ്പെടുകയും ജീവൻ നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു— വാ. 33-35; യെശയ്യാവ് 55:3-4.

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക്

പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും."

പ്രവൃ. 13:35 അതുകൊണ്ട് "നിന്റെ വിശുദ്ധനായവനെ നീ ദ്രവത്വം കാണുവാൻ അനുവദിക്കുകയില്ല" എന്ന് അവൻ വേറൊരിടത്തും പറയുന്നു.

യെശ. 55:3 നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും.

യെശ. 55:4 ഞാൻ അവനെ ജാതികൾക്കു സാക്ഷിയും വംശങ്ങൾക്കു പ്രഭുവും അധിപതിയും ആക്കിയിരിക്കുന്നു.

B. പ്രവൃത്തികൾ 13:34-ൽ, യെശയ്യാവ് 55:3-ലെ ദൈവത്തിന്റെ നിശ്ചലകരുണകളെ "ദാവീദിന്റെ വിശുദ്ധമായവ, വിശ്വസ്തമായവയായി" പൗലൊസ് വ്യാഖ്യാനിക്കുന്നു, കൂടാതെ പ്രവൃത്തികൾ 13:33-ലും 35-ലും ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിലും വിശുദ്ധനായവനെന്ന നിലയിലും അവ പുനരുത്ഥാനം ചെയ്ത ക്രിസ്തു തന്നെയാണെന്ന് അവൻ സൂചിപ്പിക്കുന്നു.

പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും."

യെശ. 55:3 നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും.

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 13:35 അതുകൊണ്ട് "നിന്റെ വിശുദ്ധനായവനെ നീ ദ്രവത്വം കാണുവാൻ അനുവദിക്കുകയില്ല" എന്ന് അവൻ വേറൊരിടത്തും പറയുന്നു.

C. നിശ്ചലകരുണകൾ എന്നത് ജനത്തിന് സാക്ഷിയും പ്രഭുവും അധിപതിയുമായ ക്രിസ്തു തന്നെയാണ് വെളിപ്പെടുത്തുന്ന യെശയ്യാവ് 55:4-ലും സ്ഥിരീകരിക്കുന്നു.

യെശ. 55:4 ഞാൻ അവനെ ജാതികൾക്കു സാക്ഷിയും വംശങ്ങൾക്കു പ്രഭുവും അധിപതിയും ആക്കിയിരിക്കുന്നു.

D. ദൈവത്തിന്റെ ആദ്യജാതനായ പുത്രനും ജീവൻ നൽകുന്ന ആത്മാവുമായ പുനരുത്ഥാനം ചെയ്ത ക്രിസ്തു, തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് ദൈവം നൽകിയ വലിയ ഉപഹാരമാണ്, ഈ ഉപഹാരത്തിന് "ദാവീദിന്റെ

വിശുദ്ധമായവ, വിശ്വസ്തമായവ" എന്ന ശീർഷകം നൽകിയിരിക്കുന്നു—പ്രവൃ. 13:33-34.

| | |
|---|---|
| പ്രവൃ. 13:33 | "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു. |
| പ്രവൃ. 13:34 | ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും." |

E. പുനരുത്ഥാനം ചെയ്ത ക്രിസ്തു കരുണകളും അനുഗ്രഹങ്ങളുമാണ്, അവൻ ദൈവം നമുക്ക് ഒരു വലിയ ഉപഹാരമായി നൽകുന്ന വിശുദ്ധമായവയും വിശ്വസ്തമായവയുമാണ്; ഈ ഉപഹാരം നമ്മുടെ സർവവും ഉൾക്കൊള്ളുന്ന കൃപയായിരിക്കുവാൻ തന്റെ സകല അപ്രമേയ ധനത്തോടുംകൂടെ നിത്യ ഉടമ്പടിയുടെ യാഥാർഥ്യമെന്ന നിലയിൽ പുനരുത്ഥാനം ചെയ്ത ക്രിസ്തു തന്നെയാണ്—യെശ. 42:6; 55:3; 1 കൊരി. 1:9; പ്രവൃ. 13:43.

| | |
|---|---|
| യെശ. 42:6 | കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽനിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും |
| യെശ. 55:3 | നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും. |
| 1 കൊരി. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| പ്രവൃ. 13:43 | സിനഗോഗു പിരിഞ്ഞപ്പോൾ, യെഹൂദന്മാരിലും ഭക്തരായ സ്വമതത്യാഗികളിലും അനേകർ പൗലൊസിനെയും ബർന്നബാസിനെയും പിന്തുടർന്നു; അവർ അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.. |

**VIII. നാം പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ചയിൽ ആയിരിക്കണമെങ്കിൽ, മാളികമുറിയിലെ സമർപ്പണത്താൽ ദിവ്യ ചരിത്രത്തിൽ ജീവിക്കുന്നത് തുടരണം—1:13-14:**

| | |
|---|---|
| പ്രവൃ. 1:13 | അവർ പ്രവേശിച്ചപ്പോൾ, പത്രൊസും യോഹന്നാനും യാക്കോബും അന്ത്രെയാസും, ഫിലിപ്പൊസും തോമാസും, ബർത്തൊലൊമായിയും മത്തായിയും, അൽഫായിയുടെ മകനായ യാക്കോബും തീക്ഷ്ണവാനായ ശിമോനും യാക്കോബിന്റെ സഹോദരനായ യൂദായും, അവർ താമസിക്കുന്ന മാളികമുറിയിലേക്ക് കയറിപ്പോയി. |
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.. |

A. കടൽത്തീരത്ത് പത്രൊസ് കർത്താവായ യേശുവിനെ അനുഗമിക്കുന്നതിനായി തന്റെ ജോലി ഉപേക്ഷിച്ചു, എന്നാൽ മാളികമുറിയിൽ അവൻ കൂടുതൽ കാര്യങ്ങൾ ഉപേക്ഷിച്ചു—മത്താ. 4:18-20; പ്രവൃത്തികൾ 1:13-14:

മത്താ. 4:18 അവൻ ഗലീലാക്കടലിനരികെ നടക്കുമ്പോൾ പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് എന്നീ രണ്ടു സഹോദരന്മാർ കടലിലേക്കു വല വീശുന്നതു കണ്ടു, അവർ മീൻപിടുത്തക്കാരായിരുന്നു.

മത്താ. 4:19 അവൻ അവരോട്, എന്റെ പിന്നാലെ വരിക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു.

മത്താ. 4:20 ഉടനെ വലകൾ വിട്ട്, അവർ അവനെ അനുഗമിച്ചു.

പ്രവൃ. 1:13 അവർ പ്രവേശിച്ചപ്പോൾ, പത്രൊസും യോഹന്നാനും യാക്കോബും അന്ത്രെയാസും, ഫിലിപ്പൊസും തോമാസും, ബർത്തൊലൊമായിയും മത്തായിയും, അൽഫായിയുടെ മകനായ യാക്കോബും തീക്ഷ്ണവാനായ ശിമോനും യാക്കോബിന്റെ സഹോദരനായ യൂദായും, അവർ താമസിക്കുന്ന മാളികമുറിയിലേക്ക് കയറിപ്പോയി.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

1. തന്റെ പൂർവികരുടെ മതം ഉപേക്ഷിക്കുവാൻ അവൻ സ്വർഗീയ ദർശനത്തോടു ചേർന്നുനിന്നു.
2. അവൻ തന്റെ ദേശത്തെയും, തന്റെ അയൽക്കാരും സുഹൃത്തുക്കളും ബന്ധുക്കളുമായുള്ള ബന്ധത്തെയും ഉപേക്ഷിച്ചു, കൂടാതെ അവൻ തന്റെ ജീവനെ വച്ചുകൊടുക്കുവാനും തയ്യാറായിരുന്നു.

B. ഇന്ന് നമുക്ക് ആവശ്യമായ സമർപ്പണം മാളികമുറിയിലെ സമർപ്പണമാണ്, നമ്മുടെ മുഴുവൻ അസ്തിത്വവും സ്വർഗീയ ദർശനത്തോട് "വിവാഹം" കഴിക്കപ്പെടുന്നതിന് വില നൽകുന്നതായ സമർപ്പണം തന്നെ—26:19; 1:8; 20:24.

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 20:24 എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല.

C. സ്വർഗീയ ദർശനത്തിന് നാം വില നൽകിയാൽ, നമ്മുടെ പിന്നിലുള്ള “പാലങ്ങൾ കത്തിച്ചുകളയും”, അങ്ങനെ പിന്നോട്ട് പോകാൻ നമുക്ക് ഒരു വഴി ഉണ്ടായിരിക്കുകയില്ല.

D. നാം സ്വർഗീയ ദർശനം കണ്ടിട്ടുണ്ടോ എന്നത് കൺലേപമായി അഭിഷേകാത്മാവിനെ വാങ്ങാൻ നാം വില കൊടുക്കാൻ തയ്യാറാണോ അല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു—വെളി. 3:18.

| | |
|---|---|
| വെളി. 3:18 | നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു. |

E. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗം എടുക്കുന്നത് വിലകുറഞ്ഞതല്ല; ഈ വഴി വിലപിടിപ്പുള്ളതും വിലയേറിയ സമർപ്പണം ആവശ്യമുള്ളതുമാണ്.

F. നമ്മൾ ഇവിടെ ഒരു പ്രസ്ഥാനത്തിനുവേണ്ടിയല്ല, പിന്നെയോ കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടിയാണ് ആയിരിക്കുന്നത്, മാളികമുറിയിലെ വ്യക്തവും അസാധാരണവുമായ സമർപ്പണത്തിലൂടെ മാത്രമേ പ്രത്യുദ്ധാരത്തെ നടപ്പാക്കുവാൻ കഴിയൂ.

G. മാളികമുറിയിലെ നൂറ്റിയിരുപതുപേർ ഒരു ഹോമയാഗമായിത്തീർന്നു; അവർ ആത്മാവിൽ കർത്താവിനുവേണ്ടി എരിയുകയായിരുന്നു, അവർ മറ്റുള്ളവരെ ദിവ്യജീവന്റെ ദിവ്യാഗ്നികൊണ്ട് കത്തിച്ചു—ലൂക്കൊ. 12:49-50; പ്രവൃ. 2:3-4; റോമ. 12:11.

| | |
|---|---|
| ലൂക്കൊ. 12:49 | ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു! |
| ലൂക്കൊ. 12:50 | എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു! |
| പ്രവൃ. 2:3 | അവർക്കു വിതരണം ചെയ്യപ്പെട്ട, തീ പോലുള്ള നാവുകൾ പ്രത്യക്ഷമായി; അത് അവർ ഓരോരുത്തരുടെയും മേൽ ഇരുന്നു. |
| പ്രവൃ. 2:4 | അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും, ആത്മാവ് അവർക്ക് സംസാരിക്കുവാൻ നൽകിയതുപോലെ, വ്യത്യസ്ത ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| റോമ. 12:11 | തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ. |

H. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു, പക്ഷേ അവന്റെ നീക്കത്തിന് അവർ അവന് ഒന്നും നൽകിയില്ല; അവന്റെ നീക്കം കണ്ണുകൾ തുറക്കപ്പെടുകയും അവരുടെ ഹൃദയം സ്പർശിക്കപ്പെടുകയും ചെയ്ത മാളിമുറിയിലുള്ളവരോടുകൂടെയായിരുന്നു—പ്രവൃ. 17:6.

| | |
|---|---|
| പ്രവൃ. 17:6 | എന്നാൽ അവർ അവരെ കണ്ടെത്താതിരുന്നപ്പോൾ, യാസോനെയും ചില സഹോദരന്മാരെയും പട്ടണ ഉദ്യോഗസ്ഥർക്കു മുമ്പാകെ ഇഴച്ചുകൊണ്ടു വന്നിട്ട് വിളിച്ചു പറഞ്ഞത്, ലോകത്തെ ഇളക്കിമറിച്ച ഈ മനുഷ്യർ ഇവിടെയും വന്നിരിക്കുന്നു, |

I. ലോകത്തെ കീഴ്മേൽ മറിക്കുകയും യുഗത്തെ മാറ്റുകയും ചെയ്യുന്നത് ഒരു ചെറിയ സംഖ്യയാണിത്; നമ്മൾ മാളികമുറിയിലാകണമെങ്കിൽ, ഒരു പ്രത്യേക രീതിയിൽ പ്രാർഥിക്കുകയും "കർത്താവേ, നിന്റെ സാക്ഷ്യത്തിന്റെ പ്രത്യുദ്ധാരത്തിനായി ഞാൻ മാളികമുറിയിൽ ആയിരിക്കാൻ തയ്യാറാണ്" എന്ന് പറയുകയും വേണം.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

### സമർപ്പണത്തിന്റെ ദർശനം

വേദഭാഗം: പ്രവൃ. 1:12-14; വെളി. 3:18

മുമ്പിലത്തെ അധ്യായങ്ങളിൽ ക്രിസ്തുവിന്റെ ദർശനവും സഭയുടെ ദർശനവും സ്വയത്തിന്റെ ദർശനവും ലോകത്തിന്റെ ദർശനവും ഞങ്ങൾ വിവരിച്ചുകഴിഞ്ഞു. ഈ അധ്യായത്തിൽ സമർപ്പണത്തിന്റെ ദർശനത്തെക്കുറിച്ച് നാം ചിന്തിക്കണം. നാം കാണുവാൻ പോകുന്നതുപോലെ, ഈ ദർശനം പ്രത്യേക തരത്തിൽപെട്ട ഒരു സമർപ്പണമാണ്.

### ജഡത്താലും സ്വയത്താലും ലോകത്താലും ബന്ധിക്കപ്പെട്ടിരിക്കുന്നു

വീണുപോയ ജനം ജഡം, സ്വയം, ലോകം എന്നീ മൂന്ന് ഇഴകളുള്ള ഒരു ചരടിനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജഡം സാത്താന്റെ പാപകരമായ സ്വഭാവത്താൽ ദുഷിച്ചു പോയ മനുഷ്യശരീരമാണ്. ദൈവം തന്റെ ഉദ്ദേശ്യത്തിനുവേണ്ടി സൃഷ്ടിച്ച മനുഷ്യശരീരത്തിലേക്ക് കുത്തിവയ്ക്കപ്പെട്ട സാത്താന്റെ പാപസ്വഭാവംതന്നെയാണ് പാപം. റോമർ **6**-ലും **7**-ലും പാപത്തിന് വ്യക്തിത്വം ആരോപിക്കുകയും അതിനെ നമ്മിൽ വസിക്കുകയും നമ്മിൽ പ്രവർത്തിക്കുകയും നമ്മിൽ വാഴുകയും ചെയ്യുന്നതായ ഒരു വ്യക്തിയോട് സാദൃശ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ശരീരത്തിൽ നമുക്ക് ജഡമുള്ളതുപോലെ ദേഹിയിൽ നമുക്ക് സ്വയം ഉണ്ട്. ദേഹിയും, സാത്താന്യമനസ്സാകുന്ന സാത്താന്യചിന്തയും ചേർന്നതാണ് സ്വയം.

മനുഷ്യശരീരം ജഡമായിത്തീർന്നിരിക്കുന്നു; മനുഷ്യദേഹി സ്വയമായിത്തീർന്നിരിക്കുന്നു; എന്നാൽ മനുഷ്യാത്മാവിന് എന്തു സംഭവിച്ചിരിക്കുന്നു? മനുഷ്യാത്മാവിന് ഒരു കുഴപ്പവും ഇല്ലെന്ന് തോന്നും, കാരണം ശരീരത്തോടും ദേഹിയോടും താരതമ്യപ്പെടുത്തിയാൽ, അതിൽ ദോഷകരമോ പാപകരമോ ആയ യാതൊന്നും ഇല്ല. ഇല്ല, മനുഷ്യാത്മാവിൽ പാപകരമായ യാതൊന്നുമില്ല, എന്നാലും മനുഷ്യാത്മാവ് മൃതപ്രായമായിത്തീർന്നിരിക്കുന്നു. ശരീരത്തിലെ പാപത്താലും, ദേഹിയിലെ സ്വയത്താലും, ആത്മാവ് മൃതപ്രായമായിത്തീർന്നിരിക്കുന്നു. നാം പാപം നിറഞ്ഞവർ ആയിരിക്കുന്തോറും, നമ്മുടെ ആത്മാവ് മൃതപ്രായമാണ്. അതുപോലെ, നാം സ്വാർഥരായിരിക്കുന്തോറും, നമ്മുടെ ആത്മാവ് മൃതപ്രായമാണ്.

മനുഷ്യർ ജഡത്താലും സ്വയത്താലും മാത്രമല്ല, ലോകത്താലും ബന്ധിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനിലനില്പിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതായി ഭൂമിയിൽ ഉള്ളതായ സകലത്തെയും സാത്താൻ വ്യവസ്ഥവത്ക്കരിച്ചിരിക്കുന്നു. ഭക്ഷണവും വിവാഹവും വസ്ത്രവും പാർപ്പിടവും പോക്കുവരവും ഇതിൽപെടുന്നു. നാം ദൈവനിർണയം നിറവേറ്റത്തക്കവണ്ണം മനുഷ്യനിലനിൽപിന് ആവശ്യമുള്ളതെല്ലാം കർത്താവ് നല്കുന്നു. എന്നാലും, ഈ കാര്യങ്ങൾ ഒരു വ്യവസ്ഥയാക്കുവാൻ സാത്താൻ കടന്നുവന്നിരിക്കുന്നു; ഇതിനെ ഗ്രീക്ക് പുതിയനിയമത്തിൽ *Kosmos* എന്നും ഇംഗ്ലീഷിൽ *World* എന്നും വിളിക്കുന്നു. ആദിയിൽ ഈ കാര്യങ്ങളെല്ലാം മനുഷ്യനിലനില്പിനുവേണ്ടി ഭൂമിയിൽ ഉണ്ടായിരുന്നു;

അവയിൽ ഒരു കുറ്റവും ഇല്ലായിരുന്നു, എന്നാൽ ഭൗമികകാര്യങ്ങളെ ലൗകിക കാര്യങ്ങൾ ആക്കിത്തീർക്കുവാൻ സാത്താൻ കടന്നുവന്നു. സാത്താൻ മനുഷ്യശരീത്തിന് സ്വഭാവമാറ്റം വരുത്തുകയും അതിനെ ജഡമാക്കിത്തീർക്കുകയും ചെയ്തു; അവൻ ദേഹിയെ സ്വയം ആക്കിത്തീർത്തു. അതേ തത്ത്വത്തിൽ, സാത്താൻ ഭൗമിക കാര്യങ്ങളെ—മനുഷ്യനിലനില്പ്പിനുവേണ്ടി ആദിയിൽ ഭൂമിയിൽ ഉണ്ടായിരുന്ന കാര്യങ്ങളെ—ലൗകിക കാര്യങ്ങൾ ആക്കിത്തീർത്തു. ഈ കാര്യങ്ങൾ സാത്താന്റെ വ്യവസ്ഥയുടെ ഘടകങ്ങൾ, ലോകം, ആയിത്തീർന്നിരിക്കുന്നു; അവയിൽ എല്ലാ ആളുകളും ബന്ധിതരാണ്. മനുഷ്യനെ സാത്താൻ വ്യവസ്ഥവത്ക്കരിച്ചിരിക്കുന്നു; അവന് ദൈവനിർണയം നിറവേറ്റുവാൻ ഒട്ടും സ്വാതന്ത്ര്യമില്ലാതായി.

സാത്താൻ എത്ര തിന്മയും കൗശലവും നിറഞ്ഞവൻ ആണ്! സാത്താൻ മനുഷ്യശരീരത്തെ പാപം കൊണ്ട് ദുഷിപ്പിക്കുകയും, ശരീരം ജഡം ആയിത്തീരുവാൻ ഇടയാക്കുകയും ചെയ്തിരിക്കുന്നു. സാത്താൻ മനുഷ്യദേഹിയെ സാത്താന്യമനസ്സുകൊണ്ട് മലിനപ്പെടുത്തുകയും, ദേഹി സ്വയമായിത്തീരുവാൻ ഇടയാക്കുകയും ചെയ്തിരിക്കുന്നു. സാത്താൻ മനുഷ്യനിലനില്പിന് ആവശ്യമായിരിക്കുന്ന എല്ലാ ഭൗമിക കാര്യങ്ങളെയും ഒരു വ്യവസ്ഥയായി, ഒരു ലോകമായി, സംഘടിപ്പിച്ചുകൊണ്ട്, വ്യവസ്ഥവത്കരിച്ചിരിക്കുന്നു.

**ലോകം എന്ന സർവകലാശാല**

ഒരു വലിയ സർവകലാശാലയോട് ലോകത്തെ ഉപമിക്കാം. ഒരു സർവകലാശാല അനേകം കോളജുകളും സ്കൂളുകളും ഡിപ്പാർട്ട്മെന്റുകളും ഉള്ളതായ ഒരു സ്ഥാപനം ആണ്. ഒരു സർവകലാശാലയിൽ ഔഷധവിജ്ഞാനശാഖയും നിയമവിജ്ഞാനശാഖയും തൊഴിൽവിജ്ഞാനശാഖയും വിശാലകലകൾക്കുള്ള ശാഖയും ഉണ്ടായിരിക്കാം. ഇപ്രകാരമുള്ള വിജ്ഞാനശാഖകൾ സർവകലാശാലയുടെ ഘടകങ്ങളെ വ്യവസ്ഥവത്കരിക്കുന്നു. സർവകലാശാലയിലെ എല്ലാ വിദ്യർഥികളും തങ്ങളുടെ വിഷയം അനുസരിച്ച് വ്യവസ്ഥവത്കരിക്കപ്പെടുന്നു; അവർ അനേക വിജ്ഞാനശാഖകളിൽ ഏതെങ്കിലും ഒന്നിൽ പഠിക്കുന്നു.

സർവലോകവും ഇന്ന് ഒരു വലിയ “സർവകലാശാല”—ലോക സർവകലാശാല—ആണ്. ഈ സർവകലാശാലയിൽ വിവിധ “വിജ്ഞാനശാഖകൾ” ഉണ്ട്: ഭക്ഷണത്തിന്റെ വിജ്ഞാനശാഖയും വിവാഹത്തിന്റെ വിജ്ഞാനശാഖയും വസ്ത്രം, പാർപ്പിടം, ഗതാഗതം എന്നിവയുടെ വിജ്ഞാനശാഖകളും. ഒരു സർവകലാശാലയിലെ മിക്ക വിദ്യാർഥികളും ഒരു വിജ്ഞാനശാഖയിൽ പഠിക്കുമ്പോൾ, ലോകം എന്ന സർവകലാശാലയിൽ വ്യവസ്ഥവത്കരിക്കപ്പെട്ട ലൗകികരായ മനുഷ്യർ, പല വ്യത്യസ്ത വിജ്ഞാനശാഖകളിൽ പഠിച്ചേക്കാം; അവർ ഒരേ സമയത്ത് പല ശാഖകൾ സ്വീകരിച്ചേക്കാം, എന്നാൽ ഒരിക്കലും അഭിവൃദ്ധി പ്രാപിക്കാതിരുന്നേക്കാം. അവർ വളരെ തിരക്കുള്ളവരും വളരെ കർമനിരതരും ആയതുമൂലം, ദൈവത്തിനായി അവർക്ക് സമയം ഇല്ല. ഭക്ഷിക്കുവാൻ കഴിയാതവണ്ണം തങ്ങൾ തിരക്കുള്ളവരാണെന്ന് അവർ പറയുകയില്ല. എന്നാൽ തങ്ങൾക്ക് യോഗത്തിനുവരുവാൻ, വേദപുസ്തകം വായിക്കുവാൻ അഥവാ പ്രാർഥിക്കുവാൻ സമയമില്ലെന്ന്, അവർ നിങ്ങളോട് പറയും. ലോകത്തിന്റെ സർവകലാശാലയിൽ അവർക്ക് എന്തിനും സമയമുണ്ട്, എന്നാൽ ദൈവവുമായി ബന്ധപ്പെട്ടതായ ഒന്നിനും അവർക്ക് സമയമില്ല.

ലോകത്തിന്റെ മഹാസർവകലാശാലയിൽ മതത്തിന്റെ വിജ്ഞാനശാഖയും ഉണ്ട്. ക്രിസ്തുമതത്തിന്റെ ഒരു സർവകലാശാലയും യെഹൂദമതത്തിന്റെ ഒരു സർവകലാശാലയുംപോലും ഉണ്ട്. കർത്താവായ യേശു ഭൂമിയിൽ

ആയിരുന്നപ്പോൾ, യെഹൂദജനത്തെ യെഹൂദമതത്തിന്റെ വിജ്ഞാനശാലയിൽ സാത്താൻ വ്യവസ്ഥവത്കരിച്ചിരുന്നു.

### യെഹൂദമതത്തിൽനിന്ന് സ്വർഗീയ ദർശനത്തിലേക്ക് തിരിയുന്നു

കർത്താവായ യേശു ആദ്യനാളുകളിൽ അപ്പൊസ്തലന്മാരെയും ശിഷ്യന്മാരെയും യെഹൂദമതത്തിൽനിന്ന് അശേഷം വ്യത്യസ്തമായ ചിലത്, പുതുതായ ചിലത്, ഗ്രഹിക്കുവാൻ ഉപദേശിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. അവർ ക്രിസ്തുവിനെ അറിയുവാൻ ഇടയാകുകയും ക്രിസ്തുവിന്റെ ദർശനം കാണുകയും ചെയ്തു. ക്രിസ്തു ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുവെന്നും, അവൻ ഉയരത്തിലേക്ക് കയറിപ്പോയി എന്നും, അവൻ സിംഹാസനസ്ഥനാവുകയും, കർത്താവും ക്രിസ്തുവും ആക്കപ്പെടുകയും ചെയ്തു എന്നും അവൻ ഭൂമിയിലേക്ക് മടങ്ങിവരും എന്നും അവർ അറിഞ്ഞു. അവർക്ക് സഭയുടെ ദർശവും ഉണ്ടായിരുന്നു; ദൈവം തന്റെ വ്രതന്മാരെ കൂട്ടിച്ചേർക്കുമെന്നും അവരെ സ്ഥലംസഭകളായി കെട്ടുപണിചെയ്യുമെന്നും ഉള്ള ദർശനവും അവർക്ക് ഉണ്ടായിരുന്നു. അവർ യെഹൂദമതത്തിലായിരുന്നു, എന്നാൽ യെഹൂദമതത്തിൽനിന്ന് സ്വർഗീയ ദർശനത്തിലേക്ക് അവർ തിരിക്കപ്പെട്ടു.

### മാളിക മുറിയിലെ സമർപ്പണം

പ്രവൃത്തികൾ 1 യെരുശലേമിലെ മാളികമുറിയെക്കുറിച്ച് സംസാരിക്കുന്നു. ഈ മാളികമുറിയിൽ ഏകദേശം നൂറ്റിയിരുപതുപേർ ചേർന്ന ഒരു കൂട്ടം പത്തുദിവസം പ്രാർഥിച്ചു. അവർ പ്രാർഥിച്ചു എന്നുമാത്രമല്ല, തങ്ങളെത്തന്നെ വളരെ യഥാർഥവും പ്രായോഗികവുമായ രീതിയിൽ കർത്താവിന് നല്കിക്കൊണ്ട് അവർ തങ്ങളെ സമർപ്പിക്കുകയും ചെയ്തു.

മൂന്നര വർഷംമുമ്പ്, കർത്താവായ യേശു കടൽക്കരയിൽ പത്രൊസിന്റെ അടുക്കൽ വരുകയും പത്രൊസ് അവനെത്തന്നെ കർത്താവിന് അർപ്പിക്കുകയും ചെയ്തു. പത്രൊസ് തന്റെ തൊഴിൽ ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുവാൻ തുടങ്ങി(മത്താ.**4:18-20).** പത്രൊസ് തന്നെ കർത്താവിന് സമർപ്പിച്ചു എന്ന് നമുക്ക് പറയാം. എന്നിരുന്നാലും, മാളികമുറിയിലെ പത്രൊസിന്റെ അനുഭവം വേറൊന്നായിരുന്നു. പത്രൊസിന് ഇവിടെ ഒരു പുതിയ തരത്തിലുള്ള സമർപ്പണം, ഒരു സാധാരണ സമർപ്പണമല്ല, പ്രത്യേകമായ സമർപ്പണം ഉണ്ടായിരുന്നു. കടൽക്കരയിൽവച്ച് പത്രൊസ് തന്റെ തൊഴിൽ ഉപേക്ഷിച്ചു; മീൻപിടിക്കുന്ന വല ഉപേക്ഷിച്ചത് അതായിരുന്നു സൂചിപ്പിച്ചത്, എന്നാൽ മാളികമുറിയിൽവച്ച് അതിനേക്കാൾ വളരെയധികം അവൻ ഉപേക്ഷിച്ചു. മാളികമുറിയിലായിരിക്കുവാൻ പത്രൊസ് ഉപേക്ഷിച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് നാം വേർതിരിച്ചറിയണം.

### തന്റെ പൂർവപിതാക്കന്മാരുടെ മതത്തെ ഉപേക്ഷിക്കുവാൻ സ്വർഗീയ ദർശനത്തോടുകൂടെ നിലകൊള്ളുന്നു

പത്രൊസ് ഉപേക്ഷിച്ച ഒന്നാമത്തെ കാര്യം യെഹൂദമതമായിരുന്നു. സ്വർഗീയദർശനം അവന്റെ പിതാക്കന്മാരുടെ മതത്തിന് വിപരീതമായിരുന്നു. പത്രൊസിന്റെ മനോഭാവം തന്റെ പൂർവപിതാക്കന്മാരുടെ മതത്തോടൊപ്പം നിലകൊള്ളുക എന്നതല്ല, പിന്നെയോ, സ്വർഗീയ ദർശനത്തോടൊപ്പം നിലകൊള്ളുക എന്നതായിരുന്നു. പത്രൊസിനെയും മറ്റുള്ള അപ്പൊസ്തലന്മാരെയും യെഹൂദമതം ക്ലേശിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തു എന്നും, എന്നാൽ അവർ സ്വർഗീയ ദർശനത്തോടൊപ്പം തുടർന്ന് നിലകൊണ്ടു എന്നും പ്രവൃത്തികളിലെ ആദ്യത്തെ ചില അധ്യായങ്ങളിൽ നാം

കാണുന്നു. മാളികമുറിയിലെ അവരുടെ സമർപ്പണത്തിന്റെ ഒന്നാമത്തെ കാര്യം അവരുടെ പൂർവപിതാക്കന്മാരുടെ പാരമ്പര്യപ്രകാരമുള്ള മതം ഉപേക്ഷിക്കുക എന്നതായിരുന്നു.

### തന്റെ രാജ്യത്തെ ഉപേക്ഷിക്കുന്നു

മാളികമുറിയിൽ ആയിരിക്കുവാൻ പത്രൊസ് തന്റെ രാജ്യത്തെയും ഉപേക്ഷിച്ചു. പത്രൊസ് ഗലീലയിൽ നിന്നുള്ളവനായിരുന്നു, എന്നാൽ അവൻ ഗലീലയെ ഉപേക്ഷിച്ച് യെരുശലേമിലെ മാളികമുറിയിലേക്ക് വന്നു.

### തന്റെ അയൽക്കാരോടും സ്നേഹിതരോടുമുള്ള തന്റെ ബന്ധം ഉപേക്ഷിക്കുന്നു

ഗലീലക്കാരൻ എന്ന നിലയിൽ, പത്രൊസിന് ഗലീലയിലെ തന്റെ അയൽക്കാരോടും സ്നേഹിതരോടും തീർച്ചയായും ബന്ധങ്ങൾ ഉണ്ടായിരുന്നു. പത്രൊസ് മാളികമുറിയിൽ ആയിരിക്കുന്നതിന് ഈ ബന്ധങ്ങൾ ഉപേക്ഷിക്കേണ്ടത് അനിവാര്യമായിരുന്നു. ഇത് അപ്രധാനമായ ഒരു കാര്യമല്ല. യഥാർഥ വിലകൊടുത്ത് പത്രൊസ് ഈ ബന്ധങ്ങൾ ഉപേക്ഷിച്ചു.

### തന്റെ ബന്ധുക്കളെ ഉപേക്ഷിക്കുന്നു

പത്രൊസ് തന്റെ ബന്ധുക്കളെയും ഉപേക്ഷിച്ചു. പത്രൊസ് തന്നോടുകൂടെ മാളികമുറിയിലേക്ക് തന്റെ മാതാപിതാക്കളെ കൊണ്ടുവന്നുവോ എന്ന് ഞാൻ സംശയിക്കുന്നു. ഇതിന് ഒരു സൂചനയും ഇല്ല. വാസ്തവത്തിൽ, പത്രൊസിന്റെ മാതാപിതാക്കൾ യെഹൂദമതത്തിൽതന്നെ തുടർന്നിരിക്കണം.

### തന്റെ ജീവൻ അപകടത്തിലാക്കുന്നു

ഒടുവിൽ, പത്രൊസ് തന്റെ ജീവൻ അപകടത്തിൽ ആക്കിക്കൊണ്ട് മാളികമുറിയിൽ ആയിരുന്നു. തന്റെ ജീവൻ ത്യജിക്കുവാൻ അവൻ സന്നദ്ധനായിരുന്നു. ആ സമയത്ത് യെരുശലേം പത്രൊസിനും മാളികമുറിയിൽ ഉണ്ടായിരുന്ന സകലർക്കും ഭീഷണിനിറഞ്ഞ ഒരു സ്ഥലം ആയിരുന്നു, എന്നിട്ടും അവർ അവിടെ ആയിരിക്കുവാൻ, തങ്ങളുടെ ജീവൻ അപായപ്പെടുത്തുവാൻ, മനസ്സുള്ളവർ ആയിരുന്നു. മാളികമുറിയിൽ ആയിരിക്കുവാൻ അവർ എല്ലാവരും യെഹൂദമതത്തെയും തങ്ങളുടെ രാജ്യത്തെയും തങ്ങളുടെ അയൽക്കാരെയും സ്നേഹിതരെയും തങ്ങളുടെ ബന്ധുക്കളെയും ഉപേക്ഷിച്ചു; തങ്ങളുടെ ജീവൻ അപായപ്പെടുത്തുവാൻ അവർ മനസ്സുള്ളവർ ആയിരുന്നു.

### ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്ന സമർപ്പണം

ഈ മാളികമുറിയിലെ സമർപ്പണത്തിന്റെ ദർശനം നാം കാണണം. നിങ്ങൾ സമർപ്പണത്തെക്കുറിച്ച് വളരെ സംസാരിച്ചേക്കാം, എന്നാൽ ഇത് മാളികമുറിയിൽവച്ചുള്ള ഒരു സമർപ്പണമല്ല, കടൽക്കരയിൽ വച്ചുള്ള ഒരു സമർപ്പണം ആയിരിക്കാം. അതേ, കർത്താവിനെ അനുഗമിക്കുവാൻ കടൽക്കരയിൽവച്ച് നിങ്ങൾ ചിലത് ഉപേക്ഷിച്ചു, എന്നാൽ മാളികമുറിയിലേക്ക് ഇതുവരെ നിങ്ങൾ വന്നിട്ടുണ്ടാവുകയില്ല. ഏതു തരത്തിലുള്ള സമർപ്പണമാണ് നിങ്ങൾക്ക് ഉള്ളത്—കടൽക്കരയിലെ സമർപ്പണമോ, അതോ, മാളികമുറിയിലെ സമർപ്പണമോ?

പ്രവൃത്തികൾ 1-ലെ മാളികമുറിയിലെ കാലം ഒരു പരിവർത്തനകാലം ആയിരുന്നു. അത് ഒരു യുഗത്തിന്റെ മാറ്റം, ഒരു സംവിധാനത്തിന്റെ മാറ്റം ആയിരുന്നു. ആ കാലത്ത് സംഭവിച്ച മാറ്റം സ്വർഗത്തെയും ഭൂമിയെയും ബാധിച്ചു. മാളികമുറിയിലെ ആ സമർപ്പണത്തിന്റെ ഫലം എന്തായിരുന്നു എന്ന് നിങ്ങൾക്ക് അറിയാമോ? ആ സമർപ്പണത്തിന്റെ ഫലം സഭ ആയിരുന്നു. മാളികമുറിയിലെ നൂറ്റിയിരുപത് പേരുടെ സമർപ്പണത്തിൽനിന്ന്, കാഴ്ചവയ്പിൽനിന്ന്, സഭ ഉളവായി.

മാളികമുറിയിലെ പത്തുദിവസക്കാലത്ത് പ്രായോഗികമായി സർവവും—തങ്ങളുടെ പൂർവപിതാക്കന്മാരുടെ മതത്തെ നഷ്ടപ്പെടുത്തിയും, തങ്ങളുടെ രാജ്യത്തെ നഷ്ടപ്പെടുത്തിയും തങ്ങളുടെ അയൽക്കാരും സ്നേഹിതരുമായുള്ള ബന്ധം നഷ്ടപ്പെടുത്തിയും ബന്ധുക്കളെയും കുടുംബങ്ങളെയും നഷ്ടപ്പെടുത്തിയും തങ്ങളുടെ ജീവനെ നഷ്ടപ്പെടുത്തിയും—അവർ സമർപ്പിച്ചു. അവർ ശ്രദ്ധിച്ചത് സ്വർഗീയ ദർശനത്തെ മാത്രം ആയിരുന്നു. ഈ സ്വർഗീയ ദർശനം അവരെ "മത്തരാക്കിയിരുന്നു." ഈ സ്വർഗീയ ദർശനവുമായി അവർ "വിവാഹിതർ" ആയിരുന്നു. ഈ സ്വർഗീയദർശനം അവരുടെ ആളത്തത്തെ മുഴുവൻ മുറുകെപ്പിടിച്ചിരുന്നു. ഈ സ്വർഗീയ ദർശനം അവരെ തങ്ങളെത്തന്നെ മറക്കുവാൻ ഇടയാക്കി. നമുക്ക് ഇന്ന് ഇപ്രകാരമുള്ള സമർപ്പണമാണ് ആവശ്യം.

## സ്വർഗീയ ദർശനത്തിനുവേണ്ടി വില നല്കുക

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതായ സ്വർഗീയ ദർശനം നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങൾ ക്രിസ്തുവിന്റെയും സഭയുടെയും ശരീരത്തിന്റെയും സ്വയത്തിന്റെയും ലോകത്തിന്റെയും ദർശനങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങൾ ഏതോ ചിലത് കണ്ടിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ന്യായാസനത്തിങ്കൽ കർത്താവിന്റെ മുമ്പാകെ നിൽക്കുവാനും ഈ ദർശനങ്ങളിൽ ഒന്നുപോലും നിങ്ങൾ കണ്ടിട്ടില്ലെന്ന് അവനോട് പറയുവാനും നിങ്ങൾക്ക് കഴിയുമോ? തീർച്ചയായും ക്രിസ്തുവിനെയും സഭയെയും ശരീരത്തെയും സ്വയത്തെയും ലോകത്തെയും സംബന്ധിച്ച ചിലത് നിങ്ങൾ കണ്ടിട്ടുണ്ട്; അങ്ങനെ, ഈ കാര്യത്തിൽ നിങ്ങൾക്ക് യാതൊരു ഒഴികഴിവും ഇല്ല.

ദർശനം കണ്ടിട്ടില്ലെന്ന് ചിലർ അവകാശപ്പെടുന്നു. അവർ ഇതു പറയുന്നതിനുള്ള കാരണം മാളിക മുറിയിൽ ആയിരിക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല എന്നതാണ്. അതായത്, സ്വർഗീയ ദർശനത്തിനുവേണ്ടി വിലകൊടുക്കുവാൻ അവർ മനസ്സുവയ്ക്കുന്നില്ല. തങ്ങൾ ചിലത് കണ്ടിട്ടുണ്ട് എന്ന് സമ്മതിക്കുന്നതിന് ഒരു വിലയുണ്ട് എന്ന് അവർക്കറിയാം. ഈ ദർശനങ്ങൾ എല്ലാം വിലയേറിയവ ആണ് എന്ന് അവർ തിരിച്ചറിയുന്നു, എന്നാൽ വിലകൊടുക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല.

വിലയെ അഥവാ മൂല്യത്തെ സംബന്ധിച്ച ഈ കാര്യത്തിൽ വെളിപ്പാട് **3:18**-ലെ കർത്താവായ യേശുവിന്റെ വാക്ക് നമുക്ക് വായിക്കാം: "നീ സമ്പന്നൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെള്ളയുടുപ്പും, നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിൽ എഴുതുവാൻ ലേപവും, എന്നോട് വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധിപറയുന്നു." ഈ വാക്യത്തിൽ കർത്താവായ യേശു, പ്രാർഥിക്കാതിരിക്കുവാനും അപേക്ഷിക്കാതിരിക്കുവാനും സ്വീകരിക്കാതിരിക്കുവാനും വിശ്വാസത്താൽ എടുക്കാതിരിക്കുവാനും നമുക്ക് ആലോചന നല്കുന്നു; വാങ്ങുവാൻ അവൻ നമുക്ക് ആലോചന നല്കുന്നു. ഇവിടെ മൂന്നുകാര്യങ്ങളിൽ മൂന്നാമത്തേതുമാത്രം നമ്മെ ചിന്താകുലരാക്കുന്നു. അത് വാങ്ങുവാനായി കർത്താവു നല്കുന്ന ആലോചനയാണ്—നാം കാണേണ്ടതിന് കണ്ണിന് എഴുതുവാനുള്ള ലേപം. ഒരു പക്ഷേ, ഒരർഥത്തിൽ, നിങ്ങൾ സ്വർഗീയ ദർശനം കണ്ടിട്ടില്ലായിരിക്കാം, എന്നാൽ ലേപം വാങ്ങുന്നതിന് വിലകൊടുക്കുവാൻ നിങ്ങൾ മനസ്സുവയ്ക്കുമ്പോൾതന്നെ നിങ്ങൾ കാണും. വിലകൊടുക്കുവാനുള്ള മനസ്സ് ആണ് പ്രധാനമായ കാര്യം. നിങ്ങൾ മാളികമുറിയിലേക്ക് വന്നുകഴിഞ്ഞാൽ, എല്ലാം സ്പഷ്ടമാണ്. എന്നാൽ മാളികമുറിയിലേക്ക് വരുവാൻ നിങ്ങൾക്ക് മനസ്സില്ലെങ്കിൽ, നിങ്ങൾ എത്ര ദൂതുകൾ കേട്ടാലും, അപ്പോഴും നിങ്ങൾക്ക് കാണുവാൻ കഴിയുകയില്ല.

നിങ്ങൾ ലേപം വാങ്ങണം. നിങ്ങൾ ദർശനം കണ്ടിട്ടില്ല എന്നുപറഞ്ഞുകൊണ്ട് സ്വയം ഒഴിഞ്ഞു മാറരുത്. നിങ്ങൾക്ക് വ്യക്തമല്ല എന്ന് നിങ്ങൾ പറയരുത്. നിങ്ങൾക്ക് വ്യക്തമായിരിക്കാം, എന്നാൽ വില കൊടുക്കുവാൻ നിങ്ങൾക്ക് മനസ്സില്ലായിരിക്കാം. വില കൊടുക്കുവാൻ നിങ്ങൾക്ക് മനസ്സില്ലെങ്കിൽ, നിങ്ങൾക്ക് ദർശനം ഉണ്ടെന്ന് പറയുവാൻ നിങ്ങൾ ധൈര്യപ്പെടുകയില്ല. നിങ്ങൾ ദർശനം കണ്ടുവോ ഇല്ലയോ എന്നത് ഈ ഒരു കാര്യത്തെ—വില കൊടുക്കുവാൻ നിങ്ങൾക്ക് മനസ്സുണ്ടോ എന്നതിനെ—ആശ്രയിച്ചിരിക്കുന്നു. ലേപം വാങ്ങുവാൻ വിലകൊടുക്കുക; നിങ്ങൾ ദർശനം കാണും.

"കർത്താവായ യേശുവേ, നിന്റെ കരുണയാൽ ഞാൻ ലേപം വാങ്ങും. നിന്റെ കരുണയാൽ ഞാൻ മാളികമുറിയിലായിരിക്കുവാൻ വിലകൊടുക്കും," എന്ന് പറഞ്ഞുകൊണ്ട് പ്രാർഥിക്കുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കർത്താവിനോട് ഇത് നിങ്ങൾ പറയുന്നുവെങ്കിൽ, സ്വർഗം തുറക്കുകയും നിങ്ങളുടെ കണ്ണുകളിൽനിന്ന് ചെതുമ്പലുകൾ വീഴുകയും സ്വർഗീയ ദർശനം നിങ്ങൾ കാണുകയും ചെയ്യും.

## മറ്റു വഴികളെല്ലാം അടച്ചുകൊണ്ട് മുമ്പോട്ട് നീങ്ങുന്നു

സ്വർഗീയ ദർശനത്തിനുവേണ്ടി നിങ്ങൾ വിലകൊടുക്കുന്നുവെങ്കിൽ, നിങ്ങൾ മറ്റുവഴികളെല്ലാം അടയ്ക്കുകയും മടങ്ങിപ്പോകുവാൻ നിങ്ങൾക്ക് മറ്റൊരു മാർഗവും ഇല്ലാതിരിക്കുകയും ചെയ്യും. ക്രിസ്തുമതം നിങ്ങളുടെ പിന്നിൽ ആയിരിക്കും; അതിലേക്ക് മടങ്ങിപ്പോകുവാൻ നിങ്ങൾക്ക് യാതൊരു മാർഗവും ഇല്ലായിരിക്കും. നിങ്ങൾ മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചാൽതന്നെയും, ജനം നിങ്ങളെ സ്വീകരിക്കുകയില്ല.

എന്നിരുന്നാലും, ഒരു ദിവസം ഏറെ നല്ല ഒരു സ്ഥാനം അഥവാ ഏറെ നല്ല ഒരു ഭാവി ഉണ്ടായിരിക്കുവാനുള്ള ഒരു അവസരം, ഒരു വാഗ്ദാനം, നിങ്ങൾക്ക് ലഭിച്ചു എന്ന് വിചാരിക്കുക. ഈ അവസരം നിങ്ങൾക്കായിരിക്കാം അല്ലെങ്കിൽ അത് നിങ്ങളുടെ ഭാര്യയ്ക്കോ മക്കൾക്കോ ആയിരിക്കാം. ഈ വാഗ്ദാനം നിങ്ങൾ പരിഗണിക്കുമോ? ഇപ്രകാരമുള്ള ഒരു വാഗ്ദാനം നിങ്ങൾ പരിഗണിക്കുന്നതിന്റെ അർഥം നിങ്ങൾ എല്ലാ വഴികളും അടച്ചിട്ടില്ല എന്നാണ്. മടങ്ങിപ്പോകുവാൻ നിങ്ങൾക്കായി ഒരു വഴി നിങ്ങൾ അവശേഷിപ്പിച്ചിരിക്കുന്നു എന്നാണ് ഇത് അർഥമാക്കുന്നത്. മുപ്പതിലധികം വർഷങ്ങൾക്കുമുമ്പ്, എന്റെ എല്ലാ വഴികളും ഞാൻ അടച്ചു എന്ന് കർത്താവിന്റെ കരുണയാൽ എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. നമ്മുടെ വഴികൾ അടയ്ക്കുന്നതിനെക്കുറിച്ച് നാം ലജ്ജിക്കരുത്—അതുനിമിത്തം നാം കർത്താവിനെ സ്തുതിക്കണം.

## കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗം സ്വീകരിക്കുന്നതിന്റെ വില

കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗം സ്വീകരിക്കുക എന്നത് വില കുറഞ്ഞ ഒരു കാര്യമല്ല. ഈ മാർഗം വിലയേറിയതാണ്; അതിന് വിലയേറിയ ഒരു സമർപ്പണം അത്യന്താപേക്ഷിതമാണ്. ഈ മാർഗം സ്വീകരിക്കുക എന്നാൽ നിങ്ങളുടെ പിതാക്കന്മാരുടെയും നിങ്ങളുടെ രാജ്യത്തിന്റെയും മതത്തെ ത്യജിക്കുകയും, നിങ്ങളുടെ അയൽക്കാരോടും നിങ്ങളുടെ ബന്ധുക്കളോടുമുള്ള നിങ്ങളുടെ ബന്ധത്തെ ത്യജിക്കുകയും, നിങ്ങളുടെ സ്വന്തജീവനെ ത്യജിക്കുകയും ചെയ്യുക എന്നതായിരിക്കും. ഇപ്രകാരമുള്ള ഒരു സമർപ്പണത്തിന് നിങ്ങൾ ഒരുക്കമാണോ? സ്വർഗീയ ദർശനത്തെ സംബന്ധിച്ച വ്യക്തത ലഭിക്കുവാൻ മാളികമുറിയിലേക്കു വരുവാൻ നിങ്ങൾ സന്നദ്ധരാണോ?

നാം ഇവിടെ ആയിരിക്കുന്നത് ഒരു പ്രസ്ഥാനത്തിനുവേണ്ടിയല്ല, പിന്നെയോ, കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടിയാണ്. പ്രത്യുദ്ധാരത്തിന് എങ്ങനെ

യാഥാർഥ്യമാകുവാൻ കഴിയും? മാളികമുറിയിലെ സമർപ്പണത്തിന്റെ അനുഭവത്താൽ മാത്രമേ പ്രത്യുദ്ധാരം യഥാർഥവത്കരിക്കപ്പെടുകയുള്ളൂ, നടപ്പാക്കപ്പെടുകയുള്ളൂ. ഇതൊരു സാധാരണ സമർപ്പണമല്ല. ഇത് പ്രത്യേകമായ ഒരു സമർപ്പണം, നിശ്ചിതമായ ഒരു സമർപ്പണം, അസാധാരണമായ ഒരു സമർപ്പണം ആണ്. ഈ സമർപ്പണം ഒരു വഴിത്തിരിവാണ്.

പ്രവൃത്തികൾ 1-ൽ മാളികമുറിയിൽ ഉണ്ടായിരുന്ന നൂറ്റിയിരുപതുപേർക്ക് എന്തു സംഭവിച്ചു? അവർ എല്ലാവരും ഒരു ദഹനയാഗമായിത്തീർന്നു. അവർ കത്തുകയും മറ്റുള്ളവരെ കത്തിക്കുകയും ചെയ്തു. നാമും കത്തണം; അപ്പോൾ നാം മറ്റുള്ളവരെ കത്തിക്കും.

ഇന്ന് നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്? നിങ്ങൾ പ്രതീക്ഷിക്കുന്നത് ഒരു ഉണർവോ അതോ ഒരു പ്രസ്ഥാനമോ? നിങ്ങൾ പ്രതീക്ഷിക്കുന്നത് പുതിയ രീതിയിലുള്ള ഒരു ക്രിസ്തീയ പ്രവർത്തനമോ? നാം എന്താണ് ഇവിടെ ചെയ്യുന്നത്? വേറെ ഒരിടത്തും നമുക്ക് കേൾക്കുവാൻ കഴിയാത്തത് കേൾക്കുവാനാണോ നാം കൂടിവന്നിരിക്കുന്നത്? ഈ കാരണത്താൽ ആയിരിക്കാം നാം ഇവിടെ ആയിരിക്കുന്നത്, എന്നാൽ ഇത് മതിയാകുകയില്ല. നാം ഇവിടെ കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി ആയിരിക്കണം; അത് ആണ് മാളികമുറിയിലെ സമർപ്പണത്തിന്റെ ഫലം.

## ആൾക്കൂട്ടത്തിലോ മാളികമുറിയിലോ?

കർത്താവായ യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, വലിയ പുരുഷാരങ്ങൾ അവനെ പിന്തുടർന്നു. അനേകർ രക്ഷപ്രാപിക്കുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തു; അനേകർ ദൈവത്തിന്റെ പ്രീതി സമ്പാദിച്ചു. എന്നിരുന്നാലും, ഒടുവിൽ മാളികമുറിയിൽ ഏകദേശം നൂറ്റിയിരുപതുപേരേ ഉണ്ടായിരുന്നുള്ളൂ. പുരുഷാരങ്ങൾ, ആൾകൂട്ടങ്ങൾ കർത്താവായ യേശുവിന്റെ നീക്കത്തിനായി ഒന്നും നല്കിയില്ല. കർത്താവിന്റെ നീക്കം മാളികമുറിയിൽ ഉണ്ടായിരുന്നവരോടുകൂടെയും കണ്ണുകൾ തുറക്കപ്പെട്ടവരോടുകൂടെയും ഹൃദയം സ്പർശിക്കപ്പെട്ടവരോടുകൂടെയും ആയിരുന്നു. ഈ ചെറിയ കൂട്ടം കത്തിക്കപ്പെടുവാനായി മാളികമുറിയിലേക്കു വന്നു; പിന്നീട് അവർ സർവലോകത്തെയും കീഴ്മേൽ മറിച്ചു. തത്ത്വം ഇന്നും അതുതന്നെയാണ്. ലോകത്തെ തിരിക്കുകയും യുഗത്തെ മാറ്റുകയും ചെയ്യുവാൻ പോകുന്നത് ഒരു ചെറിയ കൂട്ടമാണ്.

നിങ്ങൾ ആൾക്കൂട്ടത്തിൽ ആയിരിക്കുവാനോ, അതോ മാളികമുറിയിൽ ആയിരിക്കുവാനോ, ഏത് ആഗ്രഹിക്കുന്നു? നിങ്ങൾ പുരുഷാരത്തിൽ ഒരുവനായി നിലകൊള്ളുമോ, അതോ കർത്താവിന്റെ കരുണയാൽ, നിങ്ങൾ മാളികമുറിയിലേക്ക് വരുമോ? നിങ്ങൾ ആരെന്ന് ഞാൻ അറിയുന്നില്ല. മാളികമുറിയിൽ ആരൊക്കെ ഉണ്ടായിരിക്കും എന്ന് കർത്താവ് മാത്രമേ അറിയുന്നുള്ളൂ.

നിങ്ങൾ മാളികമുറിയിൽ ആയിരിക്കത്തക്കവണ്ണം കർത്താവിന്റെ കൃപ പ്രാപിക്കുവാൻ പ്രാർഥിക്കുന്നതിന് ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഇവിടേക്ക് വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ലെങ്കിൽ, മുമ്പിലത്തെ അധ്യായങ്ങളിൽ നിങ്ങൾ കേട്ടിട്ടുള്ളതിന് നിങ്ങളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. അപ്പോൾ നിങ്ങൾ പുരുഷാരത്തിൽ ആയിരുന്നവരെപ്പോലെ, കർത്താവ് വിശ്വസിക്കാത്തവരെപ്പോലെ ആയിരിക്കും. നിങ്ങൾക്ക് മാളികമുറിയിൽ ആയിരിക്കണമെങ്കിൽ, നിങ്ങൾ പ്രത്യേകമായി പ്രാർഥിക്കുകയും, "കർത്താവേ, നിന്റെ സാക്ഷ്യത്തിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി മാളികമുറിയിൽ ആയിരിക്കുവാൻ

ഞാൻ മനസ്സുവയ്ക്കുന്നു," എന്ന് പറയുകയും ചെയ്യണം. (*The Collected Works of Witness Lee, 1965,* vol. 3, "The Heavenly Vision," pp. 207-214)